


# ലിപി

ഭാവനയുടെ വർണ്ണച്ചിറകിലേറി...

G H S VARAMBETTA

# ആമുഖം

അറിവിന്റെയും അക്ഷരങ്ങളുടെയും ലോകത്തേക്ക് പിച്ചവെച്ചു തുടങ്ങുന്ന ഒരു കൂട്ടം കൊച്ചു കൂട്ടുകാരുടെ സർഗ്ഗവസന്തമാണ് ഈ വിദ്യാലയ മാസിക. കളിചിരികൾക്കിടയിൽ വിരിഞ്ഞ കുഞ്ഞു ചിന്തകളും, വർണ്ണക്കടലാസുകളിൽ പകർത്താൻ ശ്രമിച്ച വലിയ സ്വപ്നങ്ങളും ഇവിടെ അക്ഷരരൂപം കൊള്ളുന്നു. ഒരു കൊച്ചു തൈ വന്മരമാകുന്നതുപോലെ, ഈ കുഞ്ഞു തൂലികകളിൽ നിന്നും വിരിയുന്ന വരികൾ നാളത്തെ വലിയ സാഹിത്യസൃഷ്ടികളിലേക്കുള്ള ആദ്യ ചുവടുവെപ്പുകളാണ്. കുറവുകൾ ഉണ്ടാകാം, എങ്കിലും കന്മഷമില്ലാത്ത ഈ ബാലമനസ്സുകളുടെ സൃഷ്ടികളെ സ്നേഹപൂർവ്വം വായനക്കാർക്ക് മുൻപിൽ സമർപ്പിക്കുന്നു.

# സന്ദേശം

## "നന്മയുടെ പ്രകാശമാകാൻ"



പ്രിയ കൂട്ടുകാരെ,
നിങ്ങളുടെ സർഗ്ഗശക്തിയുടെ മനോഹരമായ ഒരു പൂക്കാലമാണ് ഈ മാസികയുടെ താളുകളിൽ ഞാൻ കാണുന്നത്. അറിവ് നേടുക എന്നത് കേവലം പരീക്ഷ ജയിക്കാനല്ല, മറിച്ച് നല്ല മനുഷ്യരായി വളരാനാണ്.



നിങ്ങളുടെ ഉള്ളിലെ കലാകാരനെയും എഴുത്തുകാരനെയും എന്നും ജീവനോടെ നിലനിർത്തുക. മറ്റുള്ളവരോട് കരുണയുള്ളവരായും സത്യസന്ധരായും വളരുക. പ്രകൃതിയെയും മനുഷ്യരെയും സ്നേഹിക്കാൻ പഠിക്കുക. ഈ മാഗസിൻ നിങ്ങളുടെ വളർച്ചയുടെ ഒരു പുതിയ തുടക്കമാകട്ടെ. ഏവർക്കും തിളക്കമാർന്ന ഒരു ഭാവി നേരുന്നു.



നമ്മുടെ വിദ്യാലയത്തിലെ സർഗ്ഗാത്മക പ്രതിഭകളുടെ ചിന്തകളും ഭാവനകളും കോർത്തിണക്കിക്കൊണ്ട് 'ലിപി' എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാനും സാങ്കേതികവിദ്യയെ സർഗ്ഗാത്മകമായി ഉപയോഗപ്പെടുത്താനും നമ്മുടെ കുട്ടികൾക്ക് സാധിക്കുന്നു എന്നതിന്റെ തെളിവാണ് ഈ സംരംഭം.

അറിവ് നേടുന്നതിനോടൊപ്പം തന്നെ അത് മറ്റുള്ളവരിലേക്ക് പകർന്നു നൽകാനും, ആശയങ്ങൾ മനോഹരമായി ആവിഷ്കരിക്കാനുമുള്ള ഒരിടമായി ഈ ഡിജിറ്റൽ മാഗസിൻ മാറട്ടെ. ഇതിനു പിന്നിൽ പ്രവർത്തിച്ച 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളെയും മറ്റ് വിദ്യാർത്ഥികളെയും അധ്യാപകരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം,

ദിവ്യ കെ ടി
(പ്രധാനധ്യാപിക)



പഠനത്തോടൊപ്പം തന്നെ കല, സാഹിത്യം, കായികം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്കുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്നത് പി.ടി.എ. എന്നും മുൻഗണന നൽകുന്ന കാര്യമാണ്. വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളുടെയും മറ്റ് കുട്ടികളുടെയും അധ്യാപകരുടെയും കഠിനാധ്വാനം ഈ മാഗസിനു പിന്നിലുണ്ടെന്ന് എനിക്കറിയാം.

അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും തങ്ങളുടെ ചിന്തകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരു വലിയ കരുത്താകട്ടെ.

പി സി മമ്മൂട്ടി
(പി ടി എ പ്രസിഡണ്ട് )

മാനവ് ജോൺ, 5C

# വാശി

എന്റെ വാശി
മിഠായി കിട്ടാൻ
എന്റെ വാശി
കളിപ്പാട്ടം കിട്ടാൻ
പഠിക്കാൻ
എന്തേ വാശി ഇല്ലാത്തേ
നന്നായി വളരാൻ
എന്തേ വാശി ഇല്ലാത്തേന്ന്



ഫാത്തിമ തയ്യിബ 5B



# ഉമ്മി...

കാറ്റിന്റെ മൃദുസ്പർശം പോലെ മനസ്സിനെ
തഴുകുന്ന നിങ്ങളുടെ വാക്കുകൾ...
തളർന്നു പോകുന്ന നിമിഷങ്ങളിൽ
ധൈര്യമായി
മാറുന്ന നിങ്ങളുടെ സ്നേഹം...
അടുക്കളയിലെ ചൂടിലും ജീവിതത്തിന്റെ
തിരക്കിലും എന്നെ മറക്കാതെ
എന്റെ സ്വപ്നങ്ങളെ കരുതുന്നു.
സ്നേഹത്തിന്റെ ഹൃദയം
ഒരു ചെറു പുഞ്ചിരിയിലൂടെ
വേദനകളെ മറച്ചുവെക്കുന്നവൾ...
എന്റെ സന്തോഷം മാത്രം
സ്വന്തം ലോകമാക്കി ജീവിക്കുന്നവർ...
ഉമ്മി... എന്റെ ആദ്യ അധ്യാപിക
എന്റെ ആത്മ സുഹൃത്ത്
എന്റെ ജീവിതത്തിൽ മനോഹരമായ
അനുഗ്രഹം
ഉമ്മി മാത്രം...

ഫാത്തിമ നസ്രിയ 5C

# ഇൻസ്പെക്ടർ മേഘ 

ഒരിടത്ത് ഒരു ഗ്രാമത്തിൽ മേഘ എന്ന് പറയുന്നൊരു കൊച്ചു കുട്ടിയുണ്ടായിരുന്നു. അവളുടെ ചെറുപ്പം മുതൽക്കുള്ള ആഗ്രഹമായിരുന്നു പോലീസ് ആകണമെന്ന്. അവളുടെ കുടുംബത്തോട് അവൾ ഈ കാര്യം പറഞ്ഞപ്പോൾ എല്ലാവരും അവളെ കളിയാക്കി. നിനക്കൊന്നും ആകാൻ കഴിയില്ലെന്നും പറഞ്ഞു. അതവർക്ക് ഉള്ളിൽ വിഷമമുണ്ടാക്കിയെങ്കിലും അവൾ അത് മുഖത്ത് കാണിച്ചില്ല.

അങ്ങനെ ഒരു ദിവസം അവളുടെ ടീച്ചർ എല്ലാവരോടും അവരുടെ ആഗ്രഹത്തെക്കുറിച്ച് എഴുതാൻ പറഞ്ഞു. അവൾ പോലീസിനെക്കുറിച്ച് കുറെ കാര്യങ്ങൾ എഴുതി ടീച്ചറിന് കാണിച്ചപ്പോൾ ടീച്ചർ അത്ഭുതപ്പെട്ടു. കാരണം ഒരു കുട്ടി പോലും ഇത്ര നല്ല കാര്യങ്ങളൊന്നും എഴുതിയിട്ടില്ലായിരുന്നു. ടീച്ചർ അവളെ എല്ലാവരും മുമ്പിൽ വെച്ചും അവളെ അഭിമാനിച്ചു. അവൾക്ക് നല്ല സന്തോഷമുണ്ടായിരുന്നു. അങ്ങനെ അവൾ ഒരു തീരുമാനം എടുത്തു പഠിക്കാൻ തുടങ്ങി.

അങ്ങനെ കുറെ വർഷങ്ങൾ കഴിഞ്ഞ് അവൾ വളർന്നു വലുതായി. പോലീസിനുള്ള പരീക്ഷ എഴുതാൻ പോയി. അവൾക്ക് കിട്ടുമെന്ന് നല്ല പ്രതീക്ഷയുണ്ടായിരുന്നു. പരീക്ഷയൊക്കെ കഴിഞ്ഞ് അവളുടെ റിസൾട്ട് വന്നപ്പോൾ അവൾ തന്നെ അത്ഭുതപ്പെട്ടു. കാരണം അവൾ പോലീസായി. അവളുടെ കുടുംബത്തിന്റെ മുമ്പിൽ കാണിച്ചപ്പോൾ അവരെല്ലാം അത്ഭുതപ്പെട്ടു. അവളെ അഭിമാനിച്ചു. ഇത്രയും കാലം അവളെ സ്നേഹിച്ചത് അവളുടെ ടീച്ചർ മാത്രമാണ്. ടീച്ചറില്ലെങ്കിൽ അവൾക്ക് ഈ നിലയ്ക്ക് എത്താൻ കഴിയില്ലായിരുന്നു.



ഹൻഫ ഫാത്തിമ. കെ 5C

# മഴക്കാലം വരവായി

ഭൂമിയാകെ കുളിർപ്പിക്കുവാനതാ
മേലെ വാനം കറുക്കാൻ തുടങ്ങുന്നു.
മഴയുടെ ആരവം കേട്ടതുമുതലതാ
തവളകൾ പേക്രോം കറാൻ തുടങ്ങുന്നു.
പുഴകൾ നിറയുന്നു, ചെടികൾ വളരുന്നു
ഭൂമിയാകെ ഹരിതാഭമാകുന്നു.
പൂക്കൾ വിരിയുന്നു, ഇലകൾ തളിർക്കുന്നു.
ഭൂമി പൂങ്കാവനമായി മാറുന്നു
കുഞ്ഞിക്കുടകൾ കയ്യിലേറിക്കൊണ്ടതാ
കുഞ്ഞിക്കുരുന്നുകൾ ആർത്തുല്ലസിക്കുന്നു
ഭൂമിതൻ മുഖച്ഛായ മാറ്റാനതാ
തളിരും കുളിരുമേകും
ചേതോഹരമാം മഴക്കാലം വരവായ്!

ദിൽജിത്ത്. 5D

# പഴയ വീടും ഓർമ്മകളും

ആ പഴയ തറവാടിന്റെ മുറ്റത്ത് എപ്പോഴും ഒരു ഇരുട്ട് ഉണ്ടായിരുന്നു. പുറത്ത് എത്ര വെയിലുണ്ടെങ്കിലും വീടിനകത്ത് ഒരു പ്രത്യേക തണുപ്പും ഏകാന്തതയും തളംകെട്ടി നിന്നു. രാധാമണി, അവരുടെ ബാല്യകാലം മുഴുവൻ ചെലവഴിച്ച ആ വീട്ടിലേക്ക് വർഷങ്ങൾക്കുശേഷം തിരികെത്തിയതാണ്.

പുറത്ത് പെരുമഴ തുടങ്ങി. ഓടിട്ട മേൽക്കൂരയിൽ മഴത്തുള്ളികൾ താളത്തിൽ വീശിയടിച്ചു. ആ ശബ്ദം കേട്ടപ്പോൾ രാധാമണിയുടെ ഓർമ്മകൾ ഉണർന്നു. ഇവിടെയായിരുന്നു മുത്തശ്ശിയുടെ കഥകൾ. ഇവിടെയായിരുന്നു അച്ഛന്റെ തോളിൽ ചാരിയിരുന്ന് മഴ കാണാറുണ്ടായിരുന്നത്. പെട്ടെന്ന്, ഒരു മൂലയിൽ നിന്ന്'ടപ്പ്... ടപ്പ്...' എന്ന ശബ്ദം കേട്ടു.

മേൽക്കൂരയിൽ വെള്ളം ചോരുന്നു! അവർ ഓടിച്ചെന്ന് ചോരുന്ന ഭാഗത്ത് ഒരു പാത്രം വെച്ചു. പാത്രത്തിൽ മഴവെള്ളം നിറയുന്നത് കണ്ടപ്പോൾ അവർ ചിരിച്ചുപോയി. ചോർച്ചയെക്കുറിച്ചുള്ള ദുഃഖമല്ലായിരുന്നു ആ ചിരിക്ക് കാരണം. ഈ ചോർച്ച, മുമ്പ് കുട്ടിക്കാലത്ത് ഒരു കളിയായിരുന്നു.

ചോർച്ചയുണ്ടാകുമ്പോൾ പാത്രങ്ങൾ വെക്കാനുള്ള മത്സരം. ഓരോ പാത്രത്തിലും നിറയുന്ന വെള്ളം പുതിയ കഥകളായിരുന്നു. മഴ കനത്തപ്പോൾ, ആ പഴയ വീട് രാധാമണിയോട് മന്ത്രിക്കുന്നത് പോലെ തോന്നി: "എന്റെ ചുമരുകൾക്ക് പ്രായമായി. പക്ഷെ, ഞാൻ സൂക്ഷിച്ചുവെച്ച നിന്റെ ഓർമ്മകൾക്ക് ഒരു ചുളിവ് പോലും വീണിട്ടില്ല." തണുത്ത കാറ്റ് ജനൽ വഴി അകത്തേക്ക് അടിച്ചപ്പോൾ, രാധാമണി പുഞ്ചിരിച്ചു. ഈ വീട് തകർന്നുപോയാലും, തന്റെ ഹൃദയത്തിൽ മഴയും ഈ പഴയ വീടും എന്നും ഉണ്ടാകുമെന്ന് അവർക്കറിയാമായിരുന്നു.

ഹൻഫ ഫാത്തിമ. കെ 5C

# അവധിക്കാലം



നീണ്ട രണ്ട് മാസത്തെ അവധിക്കാലം കഴിഞ്ഞു സ്കൂളുകൾ തുറക്കുകയായി. ഇനി എന്നും കാലത്ത് എഴുന്നേറ്റ് യൂണിഫോം ധരിച്ച് ഭാരമുള്ള ബാഗുമായി സ്കൂളിൽ പോകണം. ലില്ലിയുമായി കണ്ണുപൊത്തിക്കളിക്കാനും തോട്ടിൽ പോയി മീൻപിടിക്കാനും മാഞ്ചുവട്ടിൽ ഇരുന്നു സംസാരിച്ചിരിക്കാനും പറ്റില്ല; അന്ന ചിന്തിച്ചു.

"നീ അവിടെ എന്ത് ചെയ്യുകയാണ്? ഉറങ്ങാൻ കിടക്കുന്നില്ലേ? നാളെ രാവിലെ എഴുന്നേറ്റ് സ്കൂളിൽ പോകേണ്ടതാണ്." അടുക്കളയിൽ നിന്ന് അമ്മയുടെ ശബ്ദം ഉയർന്നു. അന്നയ്ക്ക് സ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ ദേഷ്യം വരുന്നുണ്ട്. കണക്കും ഇംഗ്ലീഷും സയൻസുമെല്ലാം കൂടിച്ചേർന്നൊരു നരകം. അവിടെ ചെന്ന് അവിടുത്തെ ഭൂതങ്ങളാകുന്ന അധ്യാപകരെ രാവിലെ മുതൽ വൈകുന്നേരം വരെ സഹിക്കണം. അന്ന ഇതൊക്കെ ചിന്തിച്ചുകൊണ്ട് ഉറങ്ങാൻ കിടന്നു.

"അന്നാ, അന്നാ, നിനക്ക് സ്കൂളിൽ പോകേണ്ടേ? വേഗം എഴുന്നേൽക്ക് അല്ലെങ്കിൽ തന്നെ സമയം വൈകി. വേഗം, വേഗം." അമ്മ അവളെ കുലുക്കി വിളിക്കുകയാണ്. ഈശ്വരാ, ഇത്ര പെട്ടെന്ന് നേരം വെളുത്തോ? അവൾ അലസതയോടെ കട്ടിലിൽ നിന്ന് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങളൊക്കെ ചെയ്തു കുളിച്ച് യൂണിഫോം ധരിച്ച് മുടി ചീകി. അപ്പോഴാണ് പുസ്തകം ബാഗിൽ അടുക്കിവെക്കുന്നതിനെക്കുറിച്ച് ഓർത്തത്. അത് ചെയ്തുകൊണ്ടിരിക്കുമ്പോൾ വീണ്ടും അമ്മയുടെ ശബ്ദം മുഴങ്ങി: "അന്നാ നീ ഒന്ന് ഭക്ഷണം കഴിക്കാൻ വരുന്നുണ്ടോ? എല്ലാ കുട്ടികളും പോയിക്കഴിഞ്ഞു." "ദാ വരുന്നു അമ്മേ" എന്ന് പറഞ്ഞ് ദേഷ്യത്തോടെ അടുക്കളയിലേക്ക് നടന്നു.



ദോശയും ചമ്മന്തിയും അവൾ ആർത്തിയോടെ കഴിക്കുന്നത് നോക്കിക്കൊണ്ട് അമ്മ ലഞ്ച് ബോക്സും സ്നാക്സും അവളുടെ ബാഗിൽ വെച്ചു. എന്നിട്ട് പറഞ്ഞു: "അന്നാ ഇന്ന് നിനക്കിഷ്ടപ്പെട്ട ചിക്കൻ ബിരിയാണിയാണ്, കളയാതെ മുഴുവൻ കഴിക്കണം." "ആ, ശരി ശരി. സമയമായി ഞാൻ പോകട്ടെ." അവൾ അമ്മയുടെ കയ്യിൽ നിന്ന് ബാഗ് തട്ടിപ്പറിച്ചുകൊണ്ട് ഓടി. ഭാഗ്യം സ്കൂളിൽ ക്ലാസ് തുടങ്ങിയിട്ടുണ്ടായിരുന്നില്ല.

അന്ന ക്ലാസ്സിൽ എത്തിയ ഉടൻ പുറകിലെ ബെഞ്ചിൽ പോയിരുന്നു. ആദ്യം തന്നെ മുഷിപ്പിക്കുന്ന കണക്ക് ക്ലാസ്സാണ്. അന്ന നോട്ടുബുക്കിൽ നിന്നും ഒരു പേജ് ചീന്തിയെടുത്ത ശേഷം ഒരു ചിത്രം വരയ്ക്കാനാരംഭിച്ചു. "അന്ന എഴുന്നേറ്റു നിൽക്ക്." ആ ചിത്രത്തിന്റെ ഭംഗി നോക്കിയിരിക്കുന്ന അവളുടെ കാതുകളിൽ അധ്യാപകന്റെ ശബ്ദം അലയടിച്ചു. അവൾ വിറച്ചുകൊണ്ട് എഴുന്നേറ്റു. "ഞാനിപ്പോൾ എന്താണ് പറഞ്ഞത്?" "അത്... അത്..." അവൾ നിന്ന് പരുങ്ങി. "ബാഗും പുസ്തകവുമെടുത്ത് ഇങ്ങോട്ട് വാ" അദ്ദേഹം ആജ്ഞാപിച്ചു. അന്ന അനുസരിച്ചു. ഒരു മേശയുടെ സമീപം വലിച്ചിട്ട് "ഇവിടെ ഇരിക്ക്" എന്ന് പറഞ്ഞ് അയാൾ ക്ലാസ് എടുക്കുന്നത് തുടർന്നു. അന്ന നിറകണ്ണുകളോടെ ക്ലാസ് കേട്ടിരുന്നു.



മണി... മണി... മണി... ഉച്ചഭക്ഷണത്തിനുള്ള സമയമായി. അന്ന പാത്രം തുറന്നതും അവിടെയാകെ ബിരിയാണിയുടെ മണം പരന്നു. രാവിലെ സംഭവിച്ചതിനെക്കുറിച്ച് ഓർത്ത് ലജ്ജ വന്നു. അവൾ ഭക്ഷണം വേസ്റ്റ് ബാസ്കറ്റിലിട്ട ശേഷം ക്ലാസ്സിൽ പോയിരുന്നു.

***

ഹോ... എത്ര പെട്ടെന്നാണ് ഒരു വർഷം കഴിഞ്ഞത്. പരീക്ഷാകാലമെത്തി. നാളെ പരീക്ഷ തുടങ്ങുകയാണ്. അന്ന അമ്പതുത്രപ അവധിക്കാലം വരുന്നതിന്റെ നിറവിൽ തുള്ളിച്ചാടുകയായിരുന്നു. ലില്ലിയുടെ കൂടെ വണ്ടർലാ പാർക്കിൽ പോകണം. അവിടെയുള്ള ആകാശത്തൊട്ടിലിലും യന്ത്ര ഊഞ്ഞാലിലും കയറണം.


പാനി പൂരിയും ഗോപി മഞ്ചൂരിയനും കഴിക്കണം. മാവിൻമേൽ ആര് ആദ്യം കയറുന്നു എന്ന് മത്സരം വെക്കണം. അവൾ അങ്ങനെ സ്വപ്നങ്ങളുടെ ഒരു കോട്ട തന്നെ പണിതു. "അന്നാ ഇവിടെ വാ." അവൾ ചിന്തയിൽ നിന്നുണർന്നു. അച്ഛനാണ്. "എന്താ അച്ഛാ?" "നിന്റെ പുസ്തകമെടുത്ത് അടുത്ത മുറിയിൽ തയാറായിരിക്ക്."

***


അച്ഛൻ ഇംഗ്ലീഷിന്റെ പുസ്തകം തുറന്നുപിടിച്ചുകൊണ്ട് പറഞ്ഞു: "പൂച്ചയും പട്ടിയും. ഇത് ഇംഗ്ലീഷിൽ എഴുത്." അന്ന കയ്യിലുള്ള പുസ്തകത്തിൽ എന്തോ കുത്തിക്കുറിച്ചു. ശേഷം എഴുതിയെന്ന് പറഞ്ഞു. അച്ഛൻ അത് നോക്കിയിട്ട് ചോദിച്ചു: "നീയെന്താണ് എഴുതി വെച്ചിരിക്കുന്നത്. ക്യാറ്റ് ഈസ് ഡോഗ് എന്നോ? നിനക്കിതുപോലും അറിയില്ലേ?" അന്ന രാത്രി മുതൽ പരീക്ഷ കഴിയുന്ന വരെ അവളെ ഇരുത്തി പഠിപ്പിച്ചു.

***


അവസാനത്തെ പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തിയ അന്ന ചിന്തിച്ചു: ലില്ലി ടൗണിലെ വലിയ സ്കൂളിലല്ലേ പഠിക്കുന്നത്. അവളുടെ പരീക്ഷയും ഇന്ന് തന്നെയല്ലേ കഴിയുന്നത്? കുളിച്ച ശേഷം അവളുടെ വീട്ടിൽ പോയി കളിക്കാം. കുളിച്ച ശേഷം അവളുടെ വീട്ടിൽ പോയപ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല. അന്ന അമ്മയോട് ചോദിച്ചു: "അമ്മേ, ലില്ലിയെവിടെ? അവളുടെ വീട്ടിൽ ആരുമില്ലല്ലോ?" അമ്മ പറഞ്ഞത് കേട്ട് അവൾ ഞെട്ടിത്തരിച്ചു പോയി. ലില്ലിയും കുടുംബവും പട്ടണത്തിലേക്ക് താമസം മാറിയിരിക്കുന്നു. അവൾ ഒന്നും മിണ്ടാതെ തോട്ടിലേക്ക് നടന്നു. ലില്ലിയില്ലാത്ത അവധിക്കാലം ഒരു രസവുമുണ്ടാവില്ല. അവൾ തിരിച്ചു വന്നെങ്കിൽ, അല്ലെങ്കിൽ സ്കൂൾ തുറന്നെങ്കിൽ. അടുത്ത വർഷം ഞാൻ നന്നായി പഠിച്ച് അച്ഛനെയും അമ്മയെയും സന്തോഷിപ്പിക്കും. തോടിന്റെ കരയിൽ അന്ന ചെന്നിരുന്നു. ലില്ലിയുടെ ഓർമ്മകൾ കാരണം അവൾ പൊട്ടിക്കരഞ്ഞു.



"അന്നാ... അന്നാ ഇങ്ങോട്ട് നോക്കൂ..." അവളെ ആരോ മാടിവിളിച്ചു. അന്ന തിരിഞ്ഞു നോക്കിയപ്പോൾ രണ്ട് ചിറകുകളുള്ള സുന്ദരിയായ ഒരു പെൺകുട്ടി പുഞ്ചിരിച്ചുകൊണ്ട് വായുവിൽ പറക്കുന്നു.
"ഞാൻ ഏയ്ഞ്ചല. ഒരു മാലാഖയാണ്." അവൾ പുഞ്ചിരിയോടെ തന്നെ പറഞ്ഞു. "നിന്റെ സങ്കടം കണ്ട് വന്നതാണ്. നിനക്ക് ഞാൻ മൂന്ന് വരങ്ങൾ തരാം."
അന്ന: "നീ പറയുന്നതെല്ലാം സത്യമാണോ?"
ഏയ്ഞ്ചല: "തീർച്ചയായും സത്യമാണ്."
അന്ന: "ഞാൻ പറയാൻ പോകുന്ന മൂന്ന് വരങ്ങൾ എന്നെ ആവോളം സന്തോഷിപ്പിക്കുന്നതാണ്. അതിൽ ഒന്നാമത്തേത് ലില്ലി ഇവിടേക്ക് തിരിച്ചു വരണം എന്നതാണ്. രണ്ടാമത്തേത് ലില്ലി ഞാൻ പഠിക്കുന്ന സ്കൂളിലേക്ക് വരണം എന്നതാണ്. മൂന്നാമത്തേത് എനിക്ക് അടുത്ത വർഷം നന്നായി പഠിക്കാൻ കഴിയണം എന്നതാണ്."
ഏയ്ഞ്ചല: "നാളെ ഈ മൂന്ന് ആഗ്രഹങ്ങളും നടക്കും."
ഏയ്ഞ്ചല കൈവീശി അപ്രത്യക്ഷമാവുന്നത് അന്ന നോക്കിനിന്നു.
* * *
"അന്നാ... അന്നാ..." ലില്ലി വിളിക്കുന്ന ശബ്ദം കേട്ട് അന്ന ഞെട്ടിയുണർന്നു. ചുറ്റും ഉറ്റുനോക്കി. "ങേ, ഇതെല്ലാം സ്വപ്നമായിരുന്നോ?"
ലില്ലി അവളെ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു: "നീ എന്തോ സ്വപ്നം കാണുകയായിരുന്നു അല്ലേ? ഞാൻ വന്നു ഇപ്പോഴും നീ ഇവിടെ കിടന്നുറങ്ങുന്നു. ഒരുപാട് വിളിച്ചു. ഹാ, പിന്നെ ഒരു സന്തോഷവാർത്തയുണ്ട്. അടുത്ത വർഷം മുതൽ ഞാൻ നിന്റെ സ്കൂളിലാ. നമുക്കൊരുമിച്ച് പോവുകയും വരികയും ചെയ്യാം." അന്ന ലില്ലിയെ കെട്ടിപ്പിടിച്ചു. അവളുടെ മനസ്സ് അത്ഭുതം കൊണ്ട് നിറഞ്ഞു.
"കെട്ടിപ്പിടിക്കലൊക്കെ പിന്നെ, വേഗം വാ നമുക്ക് കളിക്കാം."
അങ്ങനെ അവധിക്കാല ആഘോഷങ്ങൾക്ക് തുടക്കമായി.



ദിൽജിത്ത്. 5D



# മർമ്മരം

പൂത്ത പൂവരമ്പും
പൂവിളി പാട്ടും
നാട്ടു മൈനയും
നാരായണക്കിളിയും
കൊയ്ത്തൊഴിഞ്ഞൊരെൻ
മുണ്ടകൻ പാടവും



വിജയ് കൃഷ്ണൻ K.V 5D

# മഴ

മഴ മഴ മഴ മഴ മഴ വന്നു.
മാനത്തു നിന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തു നിന്നൊരു മഴ വന്നു
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മാനത്തു നിന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മിഴികൾക്ക് ഉത്സവമായ് വന്നു
മഴ മഴ മഴ മഴ മഴ വന്നു
മിഴികൾക്ക് ഉത്സവമായി വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തു നിന്നൊരു മഴ വന്നു
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ മഴ വന്നു
മാനത്തു നിന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തു നിന്നൊരു മഴ വന്നു





വിജയ കൃഷ്ണൻ K V 5D



# മുതലയും ഞണ്ടും

മുതലയും ഞണ്ടും വലിയ ചങ്ങാതിമാർ ആയിരുന്നു. അവർ എപ്പോഴും ഒരു വലിയ പുഴയിലാണ് താമസിക്കുന്നത്. അങ്ങനെയിരിക്കെ ചങ്ങാതിമാർ ആയിരുന്ന ഞണ്ടിനോട് പറഞ്ഞു "ചങ്ങാതി കുറെനാളായി കുറുക്കന്റെ ഇറച്ചി കഴിക്കാൻ ആഗ്രഹം മുതലായ്ക്ക് വരുന്നുണ്ട്. കുറുക്കന്റെ ഇറച്ചി തിന്നാൻ വളരെ രുചിയാണ്. എന്തെങ്കിലും ഒരു വഴിയുണ്ടോ?". ഞാൻ സാധിച്ചുതരാം ഞണ്ട് ഏറ്റു. ഞണ്ട് ഒരു കുറുക്കനോട് ചങ്ങാത്തമായി. അങ്ങനെയിരിക്കെ ഒരു ദിവസം ഞണ്ട് കുറുക്കനോട് പറഞ്ഞു "എന്റെ പുഴയിൽ ധാരാളം മീനുകൾ ഉണ്ട്. അവയെ പിടിച്ചുതിന്നാൻ ഞാൻ സഹായിക്കാം". മീൻ എന്ന് കേട്ടതും കുറുക്കന്റെ വായിൽ നിന്ന് വെള്ളം വന്നു. അവൻ ഉടനെ തന്നെ ഞണ്ടിന്റെ പുറത്തു കയറി. പുഴക്കരയിൽ എത്തിയ ഞണ്ട് പുഴയിലേക്ക് ഇറങ്ങാൻ പറഞ്ഞു. ഇറങ്ങാൻ തയ്യാറായി കുറുക്കൻ മുതലയെ കണ്ട് ആകെപ്പാടെ പരിഭ്രമിച്ചു. എന്താണ് പരിപാടിയെന്ന് കുറുക്കൻ ചോദിച്ചു. മുതല വെള്ളത്തിൽ അനക്കമില്ലാതെ കിടക്കുന്നു.

ഞണ്ട് പറഞ്ഞു "ആഹാ ആഹാ ചത്ത മുതലയെ നീയാണോ പേടിക്കുന്നത്. കണ്ടോ ഒരു ചത്ത മുതലയ്ക്കും വാല് അനങ്ങില്ല. മുതല വാല് അനക്കുന്നില്ലല്ലോ". ഇത് കേട്ട മന്ദനായ മുതല വാല് അങ്ങോട്ടും ഇങ്ങോട്ടും അനക്കി. "എടാ മന്ദനായ മുതല എന്നെ പിടിച്ചു തിന്നാൻ കടൽത്തരില്ല. എടാ ചതിയായ ഞണ്ടെ പിന്നെ കണ്ടോളാം". കുറുക്കൻ സ്ഥലംവിട്ടു. ചതിയായ ഞണ്ടും മന്ദനായ മുതലയും ഉള്ളുതുറന്ന് മുഖത്തോടു മുഖം നോക്കി നിന്നു.

സൻഹ ഫാത്തിമ സി.കെ 5C

# കൃഷിക്കൂട്ട്

അനുമോൾ രാവിലെ എഴുന്നേറ്റു. മഞ്ഞ് മൂടിക്കിടക്കുന്നു. പുതപ്പിനുള്ളിൽ നിന്ന് എഴുന്നേൽക്കാൻ തോന്നുന്നില്ല. പക്ഷേ എഴുന്നേൽക്കാതിരിക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് അവൾ വേഗം എഴുന്നേറ്റ് കൃഷിയുടെ അടുത്തേക്ക് പോയി. ആ തണ്ണിമത്തൻ ഒക്കെ വലുതായി. പറിച്ചിട്ട് അമ്മയ്ക്ക് കൊണ്ടുകൊടുക്കാം.



അവൾ വേഗം പോയി കത്തി എടുത്തു വന്നു. തണ്ണിമത്തൻ മുറിച്ച് അമ്മയ്ക്ക് കൊണ്ടുകൊടുത്തു. പിന്നെ ബാക്കിയുള്ള ചെടികളെല്ലാം സന്ദർശിച്ചു. മത്തൻ ഒക്കെ വലുതായി. ഈ മത്തൻ മുത്തച്ഛന് കൊണ്ട് കൊടുക്കാം. അവൾ വേഗം മത്തൻ പറിച്ച് മുത്തച്ഛന്റെ വീട്ടിലേക്ക് ഓടി.

അവിടെയെത്തിയപ്പോഴാണ് അവൾക്ക് ഓർമ്മയായത് ചെടികൾക്കിടാൻ ചാണകം വേണമെന്ന്. അവൾ മുത്തച്ഛനോട് ചോദിച്ചു. മുത്തച്ഛാ കുറച്ച് ചാണകം തരാമോ? ഞാൻ തരാം. മുത്തച്ഛൻ പറഞ്ഞു. നിനക്ക് കൊണ്ടു പോകാൻ കഴിയില്ല. ഞാൻ വീട്ടിലെത്തിക്കാം.

അനുമോൾ കുറച്ച് നേരം ഇവിടെയിരിക്ക്. അതാ പശുക്കൾ കരയുന്നു. വെള്ളം കൊടുക്കട്ടെ. അനുമോളെ അമ്മയോട് കഞ്ഞിവെള്ളം എടുത്ത് വെക്കാൻ പറ. മുത്തച്ഛാ അമ്മ മീൻ മുറിക്കുവാ. അനു മോൾ നീട്ടി വിളിച്ചു.
ശരി ഞാൻ വന്നു എടുത്തുക്കാം. ആ നിനക്ക് ചാണകം വേണ്ടേ. മുത്തച്ഛൻ ചാണകം വാരാൻ പോയി. ഇതാ അനുമോളെ ചാണകം. നമുക്ക് വീട്ടിൽ പോകാം. വാ മുത്തച്ഛാ പോകാം. അനുമോളും മുത്തച്ഛനും വീട്ടിലേക്ക് നടന്നു. അവർ വീട്ടിലെത്തി. മുത്തച്ഛാ വാ എന്റെ കൃഷിക്കൂട് കാണിച്ചു തരാം.
അങ്ങനെയരിക്കെ ഒരു ദിവസം അനുമോളുടെ ടീച്ചർ വീട്ടിൽ വന്നു. കൃഷിക്കൂട് സന്ദർശിച്ചു. അനുമോൾക്ക് First കിട്ടി.



മാനവ് ജോൺ 5C

# രണ്ടു മുയലും രക്ഷകനായ കരടിയും

ഒരിടത്ത് രണ്ട് മുയലുകളുണ്ടായിരുന്നു. അവർ സന്തോഷത്തോടെ നടക്കാൻ പോയപ്പോൾ ഒരു കുറുക്കൻ ഒരു മുയലിനെ എടുത്തു. കുറുക്കന്റെ വായിൽ നിന്നും വെള്ളം ഊറി.

രക്ഷകനായ കരടി വന്ന് കുറുക്കനെ ഓടിച്ചു. മുയലിന്റെ അടുത്തുണ്ടായിരുന്ന തേൻ കരടിക്ക് കൊടുത്തു. കരടിയോട് രണ്ട് മുയലും നന്ദി പറഞ്ഞു. അവർ സുഹൃത്തുക്കളായി സന്തോഷത്തോടെ നടന്നുപോയി.

:



ഇൻഷിയ നസ്രിൻ. 5C

# കുളിർമഴ

ഭൂമിയാകെ കുളിർക്കുകയാണല്ലോ......
ചാറ്റൽ മഴ തുടങ്ങുകയാണല്ലോ......
പ പ മഴ പൊഴിയുന്നു......
പുഴകൾ തോടുകൾ കവിഞ്ഞൊഴുകുന്നു......
മയിലുകൾ നൃത്തം തുടങ്ങുന്നു......
തവളകൾ കരയുവാൻ തുടങ്ങുന്നു......
പാക്രോ......... പാക്രോ.........
പൂളിക്കുടയും എടുത്ത്......
മഴയത്ത് കളിച്ച് രസിക്കാം......
ഭൂമിയെ ചേതോഹരം ആക്കിടും മഴ......
ചറ പറ മഴ.........



മുഹമ്മദ് ഷബീബ് 6A

# ആ രാത്രി


ജൂലൈ 30,

പതിവിനേക്കാൾ ശക്തമായ മഴയായിരുന്നു അന്ന്. ശാന്തമായി ഒഴുകിയിരുന്ന പുഴകൾ കലങ്ങി മറിഞ്ഞ് ഒഴുകുകയാണ്. അവർ അവരുടെ പുഴയെ വിശ്വസിച്ചു. പുഴ അവരെ ചതിക്കുകയില്ലെന്ന് അവർ കരുതി. കുട്ടികളല്ലാവരും കളിച്ചും, ചിരിച്ചും രസിച്ചുകൊണ്ടിരുന്നു. അവർക്കൊന്നും അറിയില്ലായിരുന്നു. അങ്ങനെ ആ രാത്രി എല്ലാവരും ഉറക്കത്തിലേക്ക് വഴുതി വീണു.

പെട്ടെന്നൊരു ശബ്ദം. കല്ലും, മണ്ണും ചെളിയും ആ നാടിനെ ഒന്നായി വിഴുങ്ങി. ഒന്നും ശബ്ദിക്കാൻ പോലുമാകാതെ അവരിൽ പലരും ആ മണ്ണിനടിയിലേക്ക് അമർന്നുപോയി. അവരുടെ സ്വപ്നങ്ങളെല്ലാം ആ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. അവരുടെ പ്രകൃതി പോലും അവരോട് കരുണ കാണിച്ചില്ല. തേയിലത്തോട്ടങ്ങളാൽ മനോഹരമായ ആ നാട് ഇന്ന് വൻപാറകളും മണ്ണും മാത്രമായി മാറിയിരിക്കുന്നു. മുണ്ടക്കൈ എന്ന നാടും അവിടുത്തെ നാട്ടുകാരും ഒരു ഓർമ്മ മാത്രമായി മാറിയിരിക്കുന്നു.



ഇൻഷിയ നസ്രിൻ 5 C



# ആകാശത്തൊരു പട്ടം

ഒരിടത്ത് ഒരിടത്ത് ഒരു ബീച്ചുണ്ടായിരുന്നു. ആ ബീച്ചിന്റെ ഒരു ഭാഗത്ത് ഒരു കടക്കാരൻ പട്ടം വിൽക്കുന്നുണ്ടായിരുന്നു. അപ്പോൾ അവിടെ വന്ന ഒരു കുട്ടി അത് കണ്ടു. കുട്ടി അച്ഛനോട് അത് വാങ്ങിത്തരാൻ ആവശ്യപ്പെട്ടു. അച്ഛൻ അത് മേടിച്ചു കൊടുത്തു. കുട്ടി ആ പട്ടം വെച്ച് അവിടെ നിന്ന് കളിക്കുകയായിരുന്നു. അതിനിടെ പട്ടത്തിന്റെ നൂൽ കുട്ടിയുടെ കൈയിൽ നിന്ന് വിട്ടുപോവുകയും പട്ടം ആകാശത്തേക്ക് പറന്നുയർന്നു.

കുട്ടി ഒരുപാട് സങ്കടപ്പെട്ടുകരഞ്ഞു. പിന്നീട് ആ പട്ടത്തിന് കൂട്ടുകാരാരും ഉണ്ടായിരുന്നില്ല. പട്ടം തനിച്ചായി. ആകാശത്ത് പറന്നു നടക്കുന്ന പക്ഷികളെ കണ്ടപ്പോൾ പട്ടം താൻ ആ ചേട്ടന്റെ കൈയിലായിരുന്നപ്പോഴുള്ള കഥകൾ ഓർത്തു. പട്ടത്തിന് വല്ലാത്ത സങ്കടമായി. പട്ടം ആ ചേട്ടന്റെ കൈയിലായിരുന്നപ്പോൾ പട്ടത്തിന് ഒരുപാട് കൂട്ടുകാരുണ്ടായിരുന്നു. അവർ ഒരുപാട് കഥകൾ പറഞ്ഞ് നടന്ന കാലം പട്ടം ഓർത്തു.

ഇപ്പോൾ താൻ തനിച്ചായി. കഥകൾ പറഞ്ഞു നടക്കാൻ ആരും ഇല്ല. പട്ടത്തിന്റെ അടുത്തുകൂടി പോകുന്ന പക്ഷികൾ അത് എന്തോ വലിയ സാധനമാണെന്ന് കരുതി ഭയപ്പെട്ടു. ഇങ്ങനെയുള്ള ഒരുപാട് സങ്കടങ്ങൾ നിറഞ്ഞ ജീവിതം നീണ്ടു.



ലിയ ഫാത്തിമ 5B

# പാവപ്പെട്ട കുടുംബം


മെഹത്താപ്പൂർ ഗ്രാമത്തിലെ ഒരു പാവം കുടുംബത്തിലെ ഒരു പെൺകുട്ടിയായിരുന്നു ലീന. അവൾ വളരെ നല്ലവളും സുന്ദരിയും ആയിരുന്നു. അവൾക്ക് ഒരു അനിയത്തി ഉണ്ടായിരുന്നു. ആ അനിയത്തിയുടെ പേര് ലിയാന എന്ന് ആയിരുന്നു. ലിയാനയ്ക്ക് മാരകമായ രോഗത്താൽ അവൾ കിടപ്പിലാണ്. അതിനാൽ അവളുടെ അമ്മയും അച്ഛനും ലീനയും വളരെ കഷ്ടപ്പെടുന്നുണ്ട്.

ലീന സ്കൂളിൽ പോവാതെ റോഡരികിൽ നിന്ന് ആളുകളുടെ ചെരുപ്പ് പോളിഷ് ചെയ്യലാണ് അവളുടെ പണി. അവളുടെ അച്ഛനും അമ്മയും കൂലിപ്പണി ചെയ്യലാണ് പണി. എന്നിട്ടും അവർക്ക് ലിയാനയുടെ മരുന്നിന്റെപൈസ ലഭിക്കുന്നില്ലായിരുന്നു. അവൾ ഒരു ദിവസം പണിക്ക് പോകുമ്പോൾ ഒരു കുഴിയിൽ നിന്ന് നല്ല ഒരു വെളിച്ചം വരുന്നത് കണ്ടു. അപ്പോൾ അവൾ അത് തുറന്നു നോക്കി. അതിൽ നിറയെ സ്വർണ്ണ നാണയവും സ്വർണ്ണ വളയും മാലയും അങ്ങനെ കുറെ സാധനങ്ങൾ അവൾക്ക് കിട്ടി.അവൾ സന്തോഷത്തോടെ അവൾ പുഞ്ചിരിച്ചു. എന്നിട്ട് അവൾ വീട്ടിൽ പോയി. അവിടെ അവളുടെ അനിയത്തി മാത്രമാണ് ഉള്ളത്. അപ്പോൾ അവൾ അവളുടെ അച്ഛന്റെയും അമ്മയുടെയും അടുക്കൽ ആ ആഭരണം അണിഞ്ഞു പോയി. എന്നിട്ട് അച്ഛനും അമ്മയ്ക്കും കൊടുത്തു. എന്നിട്ട് പറഞ്ഞു. "അമ്മേ അച്ഛാ എനിക്ക് നിധി ലഭിച്ചു. നമുക്ക് ഇത് വിറ്റ് അനിയത്തിയുടെ രോഗം മാറ്റാം. ഇനി കൂലിപ്പണി ചെയ്യണ്ട." അവർ അത് കൊണ്ടുപോയി വിറ്റു. അവർക്ക് നല്ല പൈസ ലഭിച്ചു




അവർ ഒരു വർഷം പണിയെടുത്താൽ എത്ര പൈസ ലഭിക്കുമോ അതിന്റെ നൂറ് ഇരട്ടി പൈസ അവർക്ക് ഒരു ദിവസം കൊണ്ട് ലഭിച്ചു.

അവർ ആദ്യം അനിയത്തിയെയും കൂട്ടി ആശുപത്രിയിൽ പോയി.ലിയാനയെ അഡ്മിറ്റ് ആക്കി. അവൾക്ക് രണ്ട് ഓപ്പറേഷൻ ആവശ്യപ്പെട്ടു. ലീനയുടെ അച്ഛനും അമ്മയും ചെയ്യാൻ പറഞ്ഞു. പക്ഷേ ലിയാനക്ക് 5 വയസ്സേ ആയിട്ടുള്ളൂ. അതുകൊണ്ട് ഓപ്പറേഷൻ ചെയ്യാൻ പറ്റില്ല എന്ന് പറഞ്ഞു. അവൾക്ക് 7 വയസ്സായാൽ മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. അത് കേട്ട് എത്ര രൂപയാണ് എന്ന് ചോദിച്ചു. അപ്പോൾ പറഞ്ഞു "അതിന് ഇരുപതിനായിരം രൂപയാകും" എന്ന്. അവർ ആ രൂപ ബാക്കി വെച്ച് ആ പഴയ പൊളിഞ്ഞ വീട് മാറ്റി അവർ പൊളിച്ച് പുതിയത് കെട്ടി. അവർ വേണ്ട സാധനങ്ങൾ അവൾക്ക് വാങ്ങി നൽകി.



പുതിയ സ്കൂളിൽ ലീനയെയും ലിയാനയെയും ചേർത്തു. ലിയാനയ്ക്ക് ഏഴ് വയസ്സായപ്പോൾ പോയി. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു പോയി. ലിയാനക്ക് ഏഴ് വയസ്സായി. അവർ ഓപ്പറേഷൻ ചെയ്തു. അച്ഛനും അമ്മയും പണ്ട് സ്കൂളിൽ പഠിച്ചത് കൊണ്ട് അവർക്ക് ഒരു ഓഫീസിൽ ജോലി ലഭിച്ചു. അങ്ങനെ അവർ ഇപ്പോൾ പണക്കാർ ആണ്.

ഫാത്തിമ തയ്യിബ 5B



# ഇരുളിന്റെ ഒരു രാത്രി തൻ ഭീകരത

കുളിരുടുപ്പിതാ വീടും നാടുമെല്ലാം തകരുന്നു...
സ്വപ്നത്തിൻ പ്രതീക്ഷകളെല്ലാം
അറ്റുപോകുന്നതാ കല്ലുപോലെ...
എത്രയെത്ര ജീവനുകളാണാ
മണ്ണിലേക്ക്...
കൈകാലുകൾ അറ്റതിരിഞ്ഞ് മണ്ണിലേക്ക്
അലിഞ്ഞു ചേരുന്നതാ മക്കൾ
പിഞ്ചോമനകൾ...
ഘോര ശബ്ദം പോലിതാ
തേങ്ങലുകൾ വിങ്ങി
പൊട്ടുന്നു...
പാവമാണെന്ന് ഞങ്ങൾ എന്നോർമ്മയിൽ
പിഞ്ചുമക്കൾ കരയുന്നു...
പലരുടെയും അറപ്പിലുകളുടെ കണ്ണുനീർ
ആ മണ്ണിലേക്ക് വീഴുന്നു...
ഉറ്റവരെ കണ്ടുകിട്ടാതെ പൊരുതുന്നേ...
ചൂരൽമല എന്ന ചാരം ശൂന്യമാണെന്ന്...
കളിയില്ല... ചിരിയില്ല... വിദ്യാലമില്ല...
കൂട്ടുകാരില്ലാ... ഒറ്റയ്ക്കാണെന്നുമില്ലാ...
എന്നെന്നേക്കുമായി ആ ചാരം ശൂന്യമായി
മാറിയെ...
ഇനി ആ ചാരത്ത് തണലേകാനൊന്നുമില്ല...
പുഴകളില്ലാ... തോടുകളില്ലാ...
കുത്തിയൊലിച്ച ചെളിയും മണ്ണും
പാറകളും മാത്രമായി
ഓർമ്മകളിലേക്ക് മായുന്നു...

അയ്ന ഫാത്തിമ 5B





# ഒറ്റപ്പെടുന്നവർ

കാർ ഒരു വലിയ കെട്ടിടത്തിനു മുന്നിൽ നിർത്തി. ചെറുപ്പക്കാരൻ കാറിൽ നിന്നും ഇറങ്ങി മുന്നോട്ടു നടന്നു കൂടെയാ വൃദ്ധനും ഉണ്ടായിരുന്നു ആ വൃദ്ധൻ അവിടം നല്ലോണം ഇഷ്ടായി വലിയ മുറ്റവും പൂന്തോട്ടവും താമരക്കുളവും ഉള്ള വലിയ കെട്ടിടം വൃദ്ധൻ എന്നുപറയേണ്ട മുത്തച്ഛൻ എന്ന് പറയാം അതാണ് ഉചിതം മുത്തച്ഛൻ അവിടെയെല്ലാം അതിശയത്തോടെ നോക്കി എന്തിനാവും തന്നെ ഇവിടെ കൊണ്ടുവന്നിരിക്കുക മുത്തച്ഛൻ മനസ്സിൽ ഓർത്തു തന്റെ മകനെ കുറിച്ച് ഓർത്ത് മുത്തച്ഛൻ അഭിമാനം കൊണ്ടു അവർ നടന്ന് നടന്ന് റിസപ്ഷനിസ്റ്റിന്റെ മുന്നിലെത്തി അദ്ദേഹം ചോദിച്ചു എന്താ പേര് എത്രയാ വയസ്സ് ചെറുപ്പക്കാരൻ മടിച്ചുമടിച്ചുകൊണ്ട് പറഞ്ഞു ഇതാണ് എൻറെ അച്ഛൻ പേര് രാമൻകുട്ടി വയസ്75 വീട്ടിൽ അച്ഛനെ നോക്കാൻ ആരുമില്ല ഞാനും കുടുംബവും അങ്ങ് ദൂരെ ദൂരെ തായ്ലന്റിലാണ് താമസിക്കുന്നത് അവിടെയൊന്നും അച്ഛന് ശരിയാവില്ല പോരാത്തതിന് ബിപിയും ഷുഗറും ഒക്കെയുണ്ട് ഇവിടെയാകുമ്പോൾ മിണ്ടിയും പറഞ്ഞും ഒക്കെ ഇരിക്കാൻ ഒത്തിരി ആളുണ്ടല്ലോ എല്ലാം ശരി തന്നെയെന്ന ഭാവത്തിൽ തലയാട്ടിക്കൊണ്ട് റിസപ്ഷനിസ്റ്റ് ചോദിച്ചു

ഏതു റൂമാ വേണ്ടത് A/C യൊ നോൺ A/C യൊ, ഭക്ഷണം എന്താ വേണ്ടത് വെജ് OR നോൺ വെജ് ഓ ചെറുപ്പക്കാരൻ പറഞ്ഞു എൻറെ അച്ഛന് ഒന്നിനും ഒരു കുറവും വരുത്തിക്കൂടാ ടിവിയും A/C യും ഒക്കെയുള്ള വലിയ മുറി തന്നെ വേണം. ഭക്ഷണം അച്ഛന് ആവശ്യമുള്ളതെന്തും കൊടുക്കണേ പൈസ ഞാൻ കൃത്യസമയത്ത് തന്നെ അയച്ചുതരാം . ഇത്രയും പറഞ്ഞുകൊണ്ട് ചെറുപ്പക്കാരൻ കാറിനടുത്തേക്ക് നടന്നു അച്ഛൻറെ സാധനങ്ങൾ എടുക്കാൻ വേണ്ടി പെട്ടെന്നത് അതു വഴി ഒരു ഫാദർ കടന്നുപോയി. അയാൾ ആ മുത്തച്ഛനെ ചേർത്ത് പിടിച്ച് എന്തെല്ലാമോ പറയുന്നുണ്ടായിരുന്നു

*ചെറുപ്പക്കാരൻ ചോദിച്ചു നിങ്ങൾക്കെന്റെ അച്ഛനെ എങ്ങനെ അറിയാം അതോ വർഷങ്ങൾക്കു മുമ്പ് നിൻറെ അച്ഛൻ ഇവിടെ നിന്നും ഒരു അനാഥ ബാലനെ ദത്തെടുത്തിരുന്നു അത് നിന്നോട് പറയരുതെന്ന് നിൻറെ അച്ഛൻ എന്നോട് പറഞ്ഞിരുന്നു പക്ഷേ അത് നിന്നോട് പറയാ തിരിക്കാൻ എൻറെ മനസ്സ് അനുവദിക്കുന്നില്ല നീ വിഷമിക്കേണ്ട ധൈര്യമായി പൊയ്ക്കോളൂ നിൻറെ അച്ഛനെ ഞങ്ങൾ നല്ലവണ്ണം നോക്കിക്കോളാം. ചെറുപ്പക്കാരൻ മുത്തച്ഛനെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു എന്നോട് ക്ഷമിക്കൂ ചെറുപ്പക്കാരൻ മുത്തച്ഛനെയും

കൂട്ടി വീട്ടിലേക്ക് മടങ്ങി. നമുക്ക് ജന്മം നൽകിയ മാതാപിതാക്കളെ നാം തെരുവുകളിൽ വലിച്ചെറിയുന്നു വൃദ്ധാസദനങ്ങളിൽ കൊണ്ടാക്കുന്നു അരുത് ഒരിക്കലും അരുത് വാർദ്ധക്യം ഒരു രോഗമല്ല അതൊരു അവസ്ഥയാണ് നാം ഏവരും എത്തിച്ചേരുന്ന ഒരു ദുരവസ്ഥ അതിനെ നാം അവഗണിക്കരുത്....🙏



– അഖിന്ന കെ. എസ്
X A

# എന്നെ വിട്ടു പോകരുതേ..........

നീ അടുത്തുണ്ടായിരുന്ന കാലം,
എന്നിൽ സന്തോഷം നിറഞ്ഞ കാലം.
നീ അടുത്തില്ലാതിരുന്ന കാലം,
എന്റെ ജീവിതത്തിൽ അന്ധകാരകാലം.
എന്തിനു നീ എന്നെ കൈവെടിഞ്ഞു?
എന്നെ തനിച്ചാക്കി നീയങ്ങു പോയി.
ബാല്യകാലം തൊട്ട് എൻ പ്രകാശമായി,
എനിക്കു വഴികാട്ടിയായി നീ നടന്നു.
പെട്ടെന്നിതാ നീ എന്നെ തനിച്ചാക്കി,
മറ്റൊരു ലോകത്തേക്ക് പോന്നു.
എന്തു ചെയ്യുമ്പോഴും എവിടെ
പോകുമ്പോഴും,
നിൻ കൂടെ എന്നെ കൂട്ടുന്ന നീ,
എന്തേ ഈ യാത്രയിൽ നീ തനിച്ച്?
എന്നെ തനിച്ചാക്കി പോയിടുന്നു.
നീ എന്നെ വിട്ടു പോകരുതേ,
എൻ കൂടെ നീയില്ല ഓരോ നിമിഷവും
എന്റെ പ്രാണനും ഇല്ലാതാകുന്നത്
പോലെ
ഞാനൊന്നല്ലാതാകുന്നത് പോലെ.

സഹറ റുബ.

## അടയ്ക്കാത്ത ജാലകത്തിലെ വെളിച്ചം

വയനാട് ജില്ലയിലെ ഒരറ്റത്തെ ചെറിയ ഗ്രാമത്തിൽ, വാരാമ്പറ്റ ഗവ. ഹൈസ്കൂൾ എന്നൊരു വിദ്യാലയമുണ്ട്. സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുടെ പേരാണ് അദിതി. സുന്ദരിയായ  ഒരു കുട്ടി. പക്ഷേ പരീക്ഷയെന്നാൽ പേടിയായിരുന്നു. പഠിക്കണമെന്നോർത്താൽ തലവേദന. പുസ്തകമില്ലെങ്കിൽ ആനന്ദം!
പെട്ടെന്നൊരു ദിവസം സ്കൂളിൽ പുതിയൊരു അധ്യാപകൻ വന്നു – സജീവ് സാർ. അദ്ദേഹത്തിന്റെ പഠിപ്പിക്കൽ ശൈലി വ്യത്യസ്തമായിരുന്നു. ക്ലാസ്സെടുക്കുമ്പോൾ ക്ലാസ്സ്റൂമിന്റെ ഒരു ജാലകം എപ്പോഴും തുറന്നിരിക്കണം. കാരണം സാർ പറഞ്ഞു പോകും:
"പഠനത്തിൽ പിടികിട്ടുന്നില്ലെങ്കിൽ പച്ചപ്പിന്റെ കാഴ്ചകണ്ട് മനസ്സ് ശാന്തമാക്കു... ".
അദിതി ആദ്യമായി ഇതിനെ വിശ്വസിച്ചില്ല. പക്ഷേ ഒരു ദിവസം കണക്കിലെ പാഠം പഠിക്കുമ്പോൾ സാർ പറഞ്ഞു: "എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന് തോന്നുമ്പോൾ ഞാൻ നോക്കുന്ന ആദ്യത്തെ വസ്തു – ആ മരത്തിലെ കിളിയാണ്. ".

അന്നുമുതൽ അദിതി ഓരോ പാഠത്തിനും മുമ്പ് ആ ജാലകത്തിലൂടെ കാണുന്ന

പച്ചപ്പിലും കിളികളിലും തന്റെ ആശ്വാസം കണ്ടെത്താൻ തുടങ്ങി. കുറച്ചു മാസങ്ങൾക്കകം അദിതി സ്കൂളിലെസാമൂഹ്യശാസ്ത്രത്തിൽഒന്നാമതായകുട്ടിആയി മാറി. അതോർക്കുമ്പോൾ അവൾക്കറിയാം – അതിന്റെ പിന്നിൽ സാർ മാത്രമല്ല, ആ ജാലകപ്പടിയുള്ള പ്രകൃതിയുമാണ്.

സ്കൂൾ അവസാന ദിവസവും അദിതി അവളുടെ ക്ലാസ്സിന്റെ ജനാല അടയ്ക്കാൻ പോകുമ്പോൾ സാർ പറഞ്ഞു: "അത് ഒരിക്കലും നീ അടയ്ക്കരുത്... ഒരു പാഠപുസ്തകമല്ല, അവിടെയെല്ലാം പകരം പറയുന്നത്, പ്രകൃതിയും കൂടിയാണ്".

# പെയ്തൊഴിയാത്ത യുദ്ധ കൊതികൾ

ജീവിതമാം തപസ്സിൽ
നീർത്തുള്ളികളായ് നിറഞ്ഞിടും
ചാരുതയാമൊരു സ്വപ്നം
നിനവായ് നോവായ്...

ജീവന്റെ ചിറകുകളിൽ
തുളച്ചു കയറും
രൂക്ഷ ഗതിയന്ത്രം
രക്ത പ്രേമാരികൾ
വർഷിച്ചു...

ആ നേരമാഴിയിൽ
വെന്തണഞ്ഞവർ
ചാവേറുകളായി
വാരിയെല്ലിൻ തലം
പുറത്ത് കടന്ന്
വിശപ്പിൻ ഗ്രന്ഥികൾ
അവരെ കൊന്നൊടുക്കി.....

പെയ്തു കൊണ്ടിരുന്ന
മഴയിൽ യാതനകളുടെ
നിനവുമായി ഒരുവൻ
ലോകത്തെ നോക്കി പുഞ്ചിരിച്ചു.

ആ പുഞ്ചിരിയിൽ ഒളിച്ചെന്തോ
നിഷ്കളങ്കമോ അതോ നിസ്സഹായതയോ!
ചോരതൻ വർഷണം മടുക്കാത്ത
നീചർ കാവലാന്മാർ
പെയ്തൊഴിയാത്ത വർഷണം
നിരന്തരമാക്കി.

അധികാര മോഹമോ അതിന്നാരോ
സ്തുതികളോ മുറ്റാത്ത ആദായം
നൽകുന്ന നീ ക്രൂരമാം ബലികൾ
ചരണത്തിനു വിട്ടു കൊടുത്തത്...

സുഖമേറെ നീ നേടിയാലും
മുറ്റനാൾ നിൻ ചെയ്തികൾ
നിനക്കായി തന്നെ ഭവിക്കും.

അതിനാൽ നീ ഓർത്തു
കൊള്ളുക...
സ്മൃതിയിലണിയും ഓരോ
ജീവനും
നിൻ ആത്മസ്മൃതിക്കായി
കാത്തിരിക്കും.

പെയ്തൊഴിയാത്ത
യാതനകൾ സമ്മാനിക്കുന്ന
ലോകമെന്തേ...

കണ്ണുകൾ വിച്ഛേദിക്കപ്പെട്ടവരായോ
അതോ അവരുടെ മനസാക്ഷിയിൽ
ഇരുട്ട് പറ്റിയോ...

അതിലുപരി നിറഞ്ഞ നീരും
പേക്കിനാവുകൾ നമ്മിൽ
സ്വഭാവികമായോ...

പെയ്തു തീരാ രക്ത വർഷണം
ഒരായുസ്സിനെ ഇരുളിലാഴ്ത്തുമ്പോൾ
വിപ്ലവത്തിന്റെ നിഴൽ ചാർത്തും
കളരിയായി നാം കൊട്ടിഘോഷിക്കുന്ന
തിൽ യാതൊരു അർത്ഥവുമില്ല.

എന്നിനി മനുഷ്യകുലം
സങ്കീർണ്ണമാം സ്വാർത്ഥതയിൽ
നിന്നും വഴി മാറുമോ
മറ്റുള്ളവൻ തൻ ദുഃഖം
തന്റേതായി കാണുമോ

ആ ദിനം പെയ്തൊഴിയാ
മഴത്തുള്ളികൾ ആത്മതയുടെ
വഴിയിൽ നിന്നും തെന്നി
അനന്തമാം ആത്മ സംതൃപ്തിയുടെയും
നിനവിന്റെ വറ്റാത്ത അരുതിയായുള്ള
ചാറ്റൽ മഴയായി തീരും...

Liba Parvin (10B)

# പിന്നെയും ഒരവധിക്കാലം കൂടി.

**വേ**നലിന്റെ കൊടുംചൂടിനെ മത്സരിച്ചു തോൽപ്പിച്ച വാർഷിക പരീക്ഷയുടെ ചൂടണയുകയായ്. അങ്ങനെ ഒരവധിക്കാലം കൂടി. ഓരോ പരീക്ഷ കഴിയുമ്പോറും അവധിക്കായുള്ള ദിവസങ്ങൾ എണ്ണി കാത്തിരുന്ന കുട്ടിയാണ് താൻ എന്ന് അവധി വന്നപ്പോൾ വിശ്വസിക്കാനാവുന്നതേയില്ല. വല്ലാത്ത ഏകാന്തത, ഏകാന്തത തളം കെട്ടിനിന്ന എന്റെ ആ വിജനമായ മുറിയിൽ ഞാൻ ഒറ്റക്ക്... കൂട്ടുകാരെല്ലാം അവധി തുടങ്ങിയപ്പോൾ തന്നെ ബന്ധുഗൃഹങ്ങളിലേക്ക് ചേക്കേറിയിരിക്കുന്നു, അപ്പോഴാണ് എന്തുകൊണ്ട് എനിക്കും പോയിക്കൂടായെന്ന ചിന്ത എന്റെ മനസ്സിന്റെ അകത്തളത്തിൽ നിറഞ്ഞത്. പക്ഷേ എങ്ങോട്ട് എന്ന ചോദ്യം അപ്പോഴും അവശേഷിച്ചു. അപ്പോൾ തന്നെ കാര്യം മാതാപിതാക്കളുടെ മുന്നിൽ സമർപ്പിച്ചു. സമർപ്പിച്ച അഭ്യർത്ഥന ഈ വട്ടം നിരസിച്ചില്ല. എങ്ങോട്ടാണെന്നല്ലേ? എന്റെ അച്ഛന്റെ മുത്തച്ഛന്റെ വീട്ടിലേക്ക്. ഒരു എട്ട് അല്ലെങ്കിൽ ഒൻപത് വർഷം മുൻപായിരിക്കാം ഞാൻ അവസാനമായി അവിടെ ചെല്ലുന്നത്. ഒരു വലിയ ഇല്ലം, മുറ്റം ചാണകം കൊണ്ട് മെഴുകി വെടിപ്പാക്കിയിരിക്കും. മുറ്റത്തെ തുളസിത്തറയിൽ രണ്ടുനേരവും എല്ലാ ദിവസവും മുടങ്ങാതെ തിരിതെളിയും. അകത്ത് നടുത്തളത്തിൽ ഒരു വലിയ ഓട്ടൊരുളിയിൽ ആമ്പൽ. ആ മഴ പെയ്യുമ്പോൾ അവിടെയിരിക്കണം മഴയുടെ ശ്രുതിയിൽ ആ ആമ്പലുകൾ പൊങ്ങിയും താഴ്ന്നും അങ്ങനെ തട്ടിമുട്ടി ആടി ഉല്ലസിക്കും. അതു കണ്ട് ഞാൻ മതിയാവോളം അവിടെയിങ്ങനെ മുത്തശ്ശിയുടെ മടിയിൽ തലവെച്ച്... എല്ലാം ഒരു മിന്നായം പോലെ കൺമുന്നിൽ മാറി.

മിന്നിപ്പോയി. പക്ഷേ മുത്തശ്ശിയുടെ വിടവാങ്ങൽ എന്നെ വല്ലാതെ തളർത്തി. എന്നാലും എന്ത് വന്നാലും പോകുകതന്നെ വേണമെന്ന് മനസ്സിൽ ദൃഢനിശ്ചയം എടുത്ത് എന്റെ സാധന സാമഗ്രികളെല്ലാം എടുത്ത് വെയ്ക്കാൻ ഞാൻ ആ മുറിയിലേക്ക് മടങ്ങി. എല്ലാം കഴിഞ്ഞു. പോകാനുള്ള ആ സുദിനം വന്നെത്തി. ആഹ്ലാദത്തിന്റെ കൊടുമുടിയിൽ നിന്ന ഞാൻ എന്തിനെന്നപോലൊരു അനുഭൂതി. അങ്ങനെ തീവണ്ടി ഓഫീസിൽ എത്തിയ ഞാൻ എന്റെ പെട്ടികളെല്ലാം സുരക്ഷിതമായി വെച്ച ശേഷം എന്റെ സീറ്റ് കണ്ടെത്തി അവിടെ ഇരിപ്പായി. തീവണ്ടി എടുത്തപ്പോൾ മനസ്സിൽ ഒരു ചെറു ഭീതി ഉടലെടുക്കുന്നത് ഞാൻ നോക്കി കണ്ടു.

എത്ര വർഷങ്ങളായ് ആ വഴിയൊന്ന് ചെന്നിട്ട് അതും ഇത്തവണ തനിച്ച്. എന്ത്ചെയ്യണമെന്നറിയാതെ ഞാൻ യാത്രതുടർന്നുകൊണ്ടിരുന്നു. ചിന്തകൾക്കിടയിലെവിടെയോ കാൽ വഴുതി ഉറക്കത്തിലേക്ക് പതിയെയെന്നോണം മാസ്റ്റർ വന്നുണർത്തിയപ്പോളാണ് ഞാൻ ഉണർന്നത്. ഉണർന്നതിന് ശേഷം പുറംലോകത്തെ ഒന്ന് നോക്കി ഉൾക്കൊണ്ട ശേഷം ഞാൻ പെട്ടിയും എടുത്തുനടക്കാൻ തുടങ്ങി. ഇടക്ക് മനസ്സിൽ താൻ ഇത് എങ്ങോട്ടാണ് പോകുന്നത് എന്ന വല്ല ബോധ്യവും  ഉണ്ടോ എന്ന് ഞാൻ എന്റെ മനസാക്ഷിയോട് തന്നെ ചോദിക്കാൻ തുടങ്ങി. അങ്ങനെ കുറച്ചു ദൂരം പിന്നിട്ടപ്പോൾ തന്നെ ഞാൻ ഒരു മനുഷ്യനെ കാണാനിടയായി അദ്ദേഹം കാഴ്ചയിൽ ഒരു മധ്യവയസ്കനായും ആ പെരുമാറ്റത്തിൽ ഒരു ചെറുപ്പക്കാരനായും കാണപ്പെട്ടിരുന്നു. അയാൾ എന്നോട് കുട്ടി എങ്ങോട്ടാണ് പോകുന്നത് എന്ന്എന്നോട് ചോദിച്ചു ഞാൻ ആണെങ്കിൽ കിറുക്കൃത്യമായി മുത്തച്ഛന്റെ വിലാസം പറയുകയും ചെയ്തു. നോക്കുമ്പോഴെന്താ ഈ മനുഷ്യൻ മുത്തച്ഛന്റെ വളരെ അടുത്ത സുഹൃത്താണത്രേ! എന്നാലും ഈ ചെറുപ്പക്കാരനും ആ മുത്തച്ഛനും എങ്ങനെ ഇത്രയും വലിയ കൂട്ടുകാരായി എന്ന് ഞാൻ ചിന്തിച്ചു. അപ്പോഴാണ് ദൂരെ നിന്നും എന്റെ പ്രിയപ്പെട്ട മുത്തച്ഛൻ നടന്നു വരുന്നത് ഞാൻ ശ്രദ്ധിച്ചത്. കൈയ്യിൽ ഒരു കൂറ്റൻ കാലൻ കുടയും പിന്നെ ഒരു ടോർച്ചും പെട്ടെന്ന് രാത്രിയിൽ ആരെങ്കിലും വന്നാൽ വെളിച്ചത്തിന് മാത്രമല്ല നല്ല രണ്ട് തല്ല് കൊടുക്കാനും ആ ടോർച്ച് ഉപകരിക്കുമായിരുന്നു. അത്രയ്ക്കുണ്ട് അതിന്റെയൊരു വലിപ്പം. മുത്തച്ഛനെ കണ്ട മാത്ര അയാൾ ചെറുതായി പരുങ്ങി. 'താങ്കളെ എനിക്കങ്ങട് മനസ്സിലായില്ല' - മുത്തച്ഛൻ ചോദിച്ചു. 'ഞാൻ ഇവിടെ അടുത്തുള്ളതാ, പോകട്ടെ പോയിട്ട് കുറച്ച് തിരക്കുണ്ട്' - ഇത്രയും പറഞ്ഞ് അയാൾ പോലീസിനെ കാണുമ്പോൾ ഉള്ള ഒരു കള്ളനെപ്പോലെ ഓടിപ്പോയി. ആ പോയ വഴിയിൽ ഒരു പുല്ല് പോലും മുളക്കില്ല എന്ന് പറഞ്ഞ് ഞാനും മുത്തച്ഛനും ഒരുപാട് ചിരിച്ചു. എന്നാൽ അതാരായിരിക്കുമെന്നും മുത്തച്ഛൻ കൃത്യസമയത്തിന് വന്നില്ലെങ്കിൽ എന്റെ അവസ്ഥ എന്തായേനെ തുടങ്ങിയുള്ള ചോദ്യങ്ങൾ എന്റെ മനസ്സിൽ അപ്പോഴും തങ്ങി നിന്നു. അങ്ങനെ കൊച്ചു വർത്തമാനങ്ങളും വിശേഷങ്ങളുമെല്ലാം പറഞ്ഞ് ഞങ്ങൾ വീട്ടിലെത്തി. മുറ്റം മണ്ണു കൊണ്ട് നിറഞ്ഞിരിക്കുന്നു. തുളസിത്തറയിലെ തുളസിച്ചെടി ഒരു തുള്ളി ദാഹജലത്തിനായി വേഴാമ്പലിനെപ്പോലെ വഴിയിൽ തളർന്നിരുന്നിരിക്കുന്നു. മുറ്റത്തെ വലിയ മാവ് വെട്ടി വിറകാക്കി അടുക്കി വൃത്തിയോടെ വിറകുപുരയിൽ വെച്ചിരിക്കുന്നു. അങ്ങോട്ട് പോകാൻഎടുത്ത എന്റെ തീരുമാനത്തെ ആ ഒരു നിമിഷം ഞാൻ ചോദ്യം ചെയ്തു.

അകത്തേക്ക് കടന്നു. ആ തളികയിൽ ആമ്പലില്ല വെറും വെള്ളം. ഞാൻ അതിലേക്ക് ഉറ്റു നോക്കി എന്റെ ബാല്യം തിരിച്ചു തരുമോ? ആ സുവർണ്ണ കാലം ഒരിക്കൽ കൂടി. നഷ്ടപ്പെട്ട സുവർണ്ണ കാലത്തെയോർത്തു മുത്തശ്ശിയുടെയും ഓർമ്മകൾ ഒരുമിച്ച് വന്ന വേഗതയെ താ ങ്ങാനാവതെ ഒരു കണ്ണുനീർത്തുള്ളി ആ തളികയിലേക്ക് ചാടി. അത് കണ്ടിട്ടെന്നോണം 'കുട്ടി പോയി കുളിച്ചിട്ട് വരൂ യാത്രാക്ഷീണം ഉണ്ടാവും ' - മുത്തച്ഛൻ വിളിച്ചു പറഞ്ഞു. ഞാൻ എനിക്കായി വെച്ച മുറിയിലേക്ക് പോയി അവിടെ മാത്രം ഫാനുണ്ടായിരുന്നു. എന്നാൽ അതിനെ വകവെക്കാതെ ആ കിളിവാതിൽ ഞാൻ തുറന്നു. അതിലൂടെയൊരു കുളിർക്കാറ്റാഞ്ഞു വീശി . അതിലൂടെ ഞാൻ പുറത്തേക്ക് നോക്കി അമ്പലക്കുളം പണ്ടത്തേതുപോലെ തന്നെ വൃത്തിയായും വെടിപ്പായും സൂക്ഷിച്ചുവരുന്നു. അതിന്റെ തൊട്ടപ്പുറത്തതായി ഒരില്ലം. അല്ല,ഇതിപ്പോൾ  എവിടുന്ന് വന്നു. ഇതിനുമുൻപ് ഒരിക്കൽ പോലും അങ്ങനെയൊരു പടുകൂറ്റൻ ഇല്ലം ഞാൻ അവിടെ കണ്ടിട്ടില്ല. ഞാൻ സ്വയം ചോദിച്ചു. അപ്പോഴാണ് വെട്ടിയ മുളയുടെ അവശേഷിപ്പുകൾ അങ്ങിങ്ങായികണ്ടത്. അപ്പൊഴാണ് ഞാൻ ഓർത്തത് അവിടെയൊരു മുളക്കാടുണ്ടായിരുന്നു. കുളിക്കാനായ് പോയ ഞാൻ ഇതുവരെ കുളത്തിൽ എത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ മുത്തച്ഛൻ മുകളിൽ എത്തിയിരുന്നു. അയ്യോ! ശിവശിവ ആ പോളകൾ തുറക്കരുത്എന്ന് കുട്ടിയോട് ഞാൻ പറഞ്ഞിട്ടില്ലേ . അത് തുറന്ന്നാൽ കേശവൻ നമ്പൂതിരിയുടെ പഴഞ്ചൻ ഇല്ലാ. . അവിടെ... അവിടെ? ആ മുത്തച്ഛന്റെ മുറിഞ്ഞുപോയ വാക്കുകൾ ....ചിന്തയുടെ ആഴങ്ങളിലേക്ക് എന്നെ തള്ളിവിട്ടു കൊണ്ട് മുത്തശ്ശൻ നടന്നു നീങ്ങി

SWATHIKA SANTHOSH

10B

# ഓർമയിലെ ചാമ്പമരം



-സി എച്ച് സനൂപ് മാസ്റ്റർ
മുൻ പ്രധാനധ്യാപകൻ

"പനയുള്ളതിലെ
പക്ഷി നിരീക്ഷകൻ"

സ്കൂൾ അവധി ദിവസങ്ങളിൽ ഞാനും എന്റെ
സൈക്കിളുംഅധികവും ചെന്ന് നിന്നത് എന്റെ 'സൈക്കിൾ
ഗുരുവും'
കസിനുമായ പനയുള്ളതിൽ ഷാനേക്ക എന്ന
ഷാനവാസിന്റെ വീട്ടിൽ ആയിരുന്നു.കൗമാര കാലം തൊട്ടേ ,
അസാധാരണ  പക്ഷി നീരീക്ഷകനും പരിപാലകനുമാണ്
ഇദ്ദേഹം.

താഴെ വയലിൽ എത്തുന്ന പക്ഷികളുടെ ഇനങ്ങളും
അവയുടെ പ്രജനന രീതിയും
പുള്ളിക്ക്  കൃത്യമായി
അറിയാം.
കൂടാതെ വിശാലമായ ചെറുവക്കര പറമ്പിലും
കവറുള്ളക്കണ്ടി  കുന്നിൻ
മുകളിലും, കാപ്പുമ്മൽ മലയിലും
അന്വേക്ഷണ
യാത്രകൾ നടത്തി
പക്ഷികളെയും
കുഞ്ഞുങ്ങളെയും
കയ്യോടെ പിടി കൂടി
വീട്ടിൽ കൊണ്ടു വരുമായിരുന്നു പുള്ളി.

മൂപ്പരെ പ്രധാന
സഹായി **KSRTC** കുറിപ്പിന്റെ മകൻ പുത്തൂര്
പ്രജീഷായിരുന്നു.
കൂടെ നടക്കാൻ
കൂട്ടത്തിൽ ഞാനും

ഉപ്പൂത്തി മരത്തിന്റെ
മുകളിൽ നിഷ്പ്രയാസം
വലിഞ്ഞ് കേറി
പിറന്ന പാടെയുള്ള
തത്ത കുഞ്ഞുങ്ങളെ
കരുതലോടെ കയ്യിൽ
എടുത്ത് ഇറങ്ങി വരുന്ന പ്രജീഷായിരുന്നു
എന്റെ മനസ്സിലെ
ആദ്യത്തെ " അമരേ ന്ദ്രബാഹുബലി "

മരത്തിന് താഴെ,
കുഞ്ഞുങ്ങളെ
പിടികൂടുന്നതിന്റെ
" ശാസ്തീയ - തന്ത്ര പരമായ " നിർദേശങ്ങൾ
നൽകി ഷാനയും
അൽഭുതലോകത്തെ ആലീസായി ഞാനും
നിൽക്കുന്നുണ്ടാവും.

കാക്കയുടെ കൂട്ടിൽ മുട്ടയിട്ട് കള്ളകളി നടത്തുന്ന
കുയിലുകളും , മീൻ പിടിക്കാൻ വന്ന മീൻ കള്ളത്തിയും ,
പരലുകളെ കൊത്തിയെടക്കാൻ വന്ന  നീളൻ കാലൻ
കൊക്കുകളും
മൈനയും ,  മൂങ്ങയും മെല്ലാം പിടിക്ക പ്പെട്ട്
തടവിലാക്കപ്പെട്ടു.
കയ്യേലി കനാലിന്റെ ഓരങ്ങളിൽ  പടർന്ന വള്ളികളിലെ
കുരുവു കൂടുകളും ഇത് പോലെ
"കൊള്ളയടിക്കപ്പെട്ടു " !

കലപില കൂട്ടി ഓടി നടന്ന അണ്ണാറ കണ്ണൻ മാർ ഓടിച്ചിട്ട്
പിടിക്കപ്പെട്ടു.

ഇതിന് വേണ്ട വിവിധ കെണികളും , വിവിധ ഉ
പകരണങ്ങളും
സ്വന്തമായി തന്നെ
നിർമ്മിക്കപ്പെട്ടു

വളഞ്ഞ നീണ്ട ചുണ്ടുള്ള വിവിധ തത്തകൾ പനയുള്ളതിലെ
ആ ചെറിയ പക്ഷി ശാലയിലെ  കൂടുകളിലെ
ചെറിയ ലോകത്ത് സൊറ പറഞ്ഞ്
കലപില കൂട്ടി
കഴിഞ്ഞ് പോന്നു.

മൈസൂർ പഴവും നെൽമണികളും
ഗോതമ്പും ,തീറ്റയായി
മൂന്ന് നാല് നേരം
കൂടുകളിലെത്തി.

മുയൽ വളർത്തലും
അനുബന്ധ മേഖലയായി
വികസിപ്പിച്ചിരുന്നു.

ഈ അൽഭുത ലോകത്ത്
ചുറ്റി കറങ്ങി

സായൂജ്യ മടയാനുമായിരുന്നു
എന്റെ പനയുള്ളതിൽ യാത്ര കളിൽ അധികവും.

ഞങ്ങളുടെ 'കൗമാര കാല സുകുമാര' കലകൾ കുറച്ച്
കൂടി വികാസം പ്രാപിച്ചു മുന്നേറി കൊണ്ടിരുന്നു.

മോട്ടോർ സൈക്കിൾ
അന്ന് നാട്ടിൻ പുറങ്ങളിൽ
പരിചതമായി വരുന്ന തേ ഉള്ളൂ

എങ്കിലും പതിനാല് പതിനഞ്ച് വയസ്സിലേ മോട്ടോർ
സൈക്കിൾ
അഭ്യാസങ്ങൾ നടത്തി
ഞങ്ങളെയെല്ലാം
അൽഭുത പെടുത്തി കളഞ്ഞു 'ഹീറോ'യാ ണ് ഷാന .

മോട്ടോർ ബൈക്ക് വാടകക്ക് വാങ്ങി
"പരിശീലനം " നടത്തലാണ് പ്രധാന ഹോബി.

നാട്ടിലെ പല കൗമര ക്കാരുടെയും മോട്ടോർ സൈക്കിൾ
ഗുരുവായി
ഷാന മാറി. എനിക്കും സൗജന്യമായി
ആദ്യ റൈഡുകളുടെ ആത്മഹർഷങ്ങൾ
അനുഭവക്കാൻ
അവസരങ്ങൾ തന്നിരുന്നു.
ആയിടിക്കാണ് ചില പുത്തൻ ബിസിനസ്
ആശയങ്ങൾ മൂപ്പർ എന്നോട് പങ്ക് വെക്കുന്നത്

"മ്മക്ക് നല്ലൊരു പരിപാടിയുണ്ട് നടത്താൻ, നല്ല ലാഭം കിട്ടും
"ഷാനയാണ്.

" ആന്ത് ന്നാ "

" മ്മക്ക് മോട്ടോർ സൈക്കിൾ വാടകക്കെടുത്ത്
മറിച്ച് കൊടുത്താലോ, "

ഒന്നും മനസ്സിലാവാതെ നിന്ന എനിക്ക് ബിസിനസ്
സാധ്യതകളും , രീതിയും വിശദമായി തുടർന്ന് ലഭിച്ചു.

" ഞാൻ മോട്ടോർ സൈക്കിൾ പഠിപ്പിച്ച ഒരു പാട് പേര് ഇപ്പം
ഇവിടെ ണ്ട്. ഓല കൊന്നും സൈക്കിളില്ലാ , ഓലിക്ക്
പരിചയില്ലാത്ത് കൊണ്ട് ആരും സൈക്കീളിട്ട് വാടകക്ക്
കൊടുക്കകെയും ഇല്ലാ . അതു കൊണ്ട് മ്മള് അൻപത്
ഉറുപ്പയ് ക്ക് എടുക്കുന്ന വണ്ടി എഴുപത്തിയഞ്ചിനോ ,
നൂറിനോ മറിച്ച് കൊടുക്കാം. ."

" പയ് ശ ആദ്യം കൊടുക്കാണ്ട് ഓല് വണ്ടി തരു മോ"

"ആദ്യം മ്മള് ഒരു അ അഞ്ഞൂറ് കൊടുത്താൽ
മൂന്നാല് ദിവസത്തേക്ക് രണ്ട് വണ്ടി തരാന്ന് പറഞ്ഞിക്ക് "

മൂപ്പർ എല്ലാം തയ്യാറാക്കീട്ട്
ഒരുങ്ങി ഇറങ്ങിയിരുക്കുകയാണ്.

അടിപൊളി , ഞാൻ
പൂർണ്ണ പിൻതുണ അറിയിച്ചു.

മോട്ടോർ സൈക്കിൾ
രണ്ടും മൂന്നും കടന്ന്, അഞ്ചും , ആറും എണ്ണം
പറയുള്ളതിൽ മുറ്റത്ത്
വന്ന് നിന്നു.

ആ വിശ്യക്കാരും
സുലഭം തന്നെ.

ബൈക്ക് 'റൈഡർമാർ' പഠിച്ചിറങ്ങിയ പുതിയ ഡ്രൈവർ
മാർ ആയതിനാലും
മരണ കിണറിനെ
വെല്ലുന്ന പല അഭ്യാസ
മുറകൾ പയറ്റി യതിനാലും
പല ബൈക്കുകളും കുത്തി മുറിത്ത്
അലങ്കോലമായി
പനയുള്ളതിൽ മുറ്റത്ത്"അഡ്മിറ്റ് " ചെയ്യപ്പെട്ടു.

ടീനേജ് കാർക്ക്
ബൈക്ക് നൽകിയതിന്
ചില രക്ഷിതാക്കളുടെ
പരാതികളും   അമ്മായി യുടെ
ചെവിയിൽഎത്തി.

ഈ പുതിയ സംരഭകർ
കടുത്ത പ്രതിസന്ധിയിലുമായി.

ബൈക്കുകൾ നന്നാക്കി
കൊടുക്കാനും മറ്റും
വൻ തുക ആ വിശ്യമായും വന്നു.

അമ്മായിയുടെ ഉദാര
മനസ്സിനാൽ കാര്യങ്ങൾ
എങ്ങനെയല്ലാ മോ
തീർത്ത്  കനത്ത നഷ്ട്ടത്തിലും മാനഹാനിയിലും
അവസാനിച്ച ആ ബിനിനസ്,
പിരിച്ചു വിട്ടു.

വർഷം ഒന്ന് കൂടി കഴിഞ്ഞു
ഞാൻ പത്താം ക്ലാസ് പരീക്ഷയൊക്കെ കഴിഞ്ഞ്
പൂർണ്ണമായും സ്വതന്ത്രമായി കഴിയുന്ന അവധികാലം .

ഷാന ഭോപ്പാലിൽ
ഹെൽത്ത് ഇൻസ്പെക്ടർ
കോഴ്സിന് പഠിക്കുന്നു

മൂപ്പര് ചില  കടുത്ത പരീക്ഷാ 'പരീക്ഷണങ്ങളിൽ '
താൽകാലികമായി
പരാജയം സമ്മതിച്ച്
വീട്ടിൽ ഉണ്ട്.

പത്തിരുപത്
ദിവസമായിട്ടും കോളേജിലേക്ക്
പോവാതെ വന്നപ്പോൾ

"ഞ്ഞ് ന്താ ഷാനേ , തിരിച്ച് പോവാത്തെ "
എന്ന ചോദ്യങ്ങൾ ചില തൽപര കക്ഷികളിൽ നിന്നും ,
അമ്മായിൽ നിന്നും
വന്ന് തുടങ്ങിയിരുന്നു.

തന്റെ " വിശാലമായ വലിയ " കോളേജിന്
പെയിന്റി ടിക്കൽ  നടക്കുകയാണതിനാൽ
ഇനിയും കുറച്ച് ദിവസങ്ങൾ കഴിഞ്ഞേ കോളജ്
തുറക്കൂവെന്ന്
പറഞ്ഞ് അമ്മായുടെ
ബേജാറിന് തൽകാലം ആശ്വാസം നൽകിയിരുക്കയാണ്
ഷാന.

അങ്ങിനിയിരിരിക്കെ
ഒരു ഉച്ചക്ക് ഓടി കിതച്ച് ഷാന എന്റെ വീട്ടിന്റെ മുറ്റത്ത്
വന്നിരിക്കുകയാണ്.

ഉച്ച ഭക്ഷണം കഴിഞ്ഞ്
വരാന്തയിൽ വെറുതെ ഇരിക്കുകയായിരുന്നു ഞാൻ .

" മ്മക്കൊന്ന് പെട്ടന്ന് ഒന്ന് കോഴിക്കോട് പോണം"

കോഴിക്കോട് ?

അപൂർവ്വ സന്ദർഭങ്ങളിലേ , അന്ന് കോഴിക്കോട്
പോവാറുള്ളൂ.

പകച്ച് നിന്ന ഞാൻ കാര്യം തിരക്കി.

മൂപ്പരെ  'കോഴ്സിലെ' എഴുതാൻ ബാക്കിയുള്ള
പരീക്ഷകൾക്കുള്ള അപേക്ഷ മധ്യപ്രദേശിലെ
യുണിവേഴ്സിറ്റിയിൽ എത്തേണ്ട  അവസാന ദിവസം നാളെ
യാണ്.!
രാവിലെ ഏതോ സുഹൃത്ത് പറഞ്ഞ പ്പോഴാണ് സംഗതി
ഓർമ്മ വന്നത്. ഉടൻ അപേക്ഷ തയ്യറാക്കി ഓടി കിതച്ച്
വന്നതാണ്.  നീളത്തിലുള്ള തവിട്ട് നിറത്തിലുള്ള കവർ
കയ്യിൽ പിടിച്ചിട്ടുണ്ട്.

"ഞ്ഞ് അങ്ങട്ടേ പോയി ജയന്റെ ജീപ്പിങ്ങ്
വിളിച്ചോ"
എന്നോടാണ്.

കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിലെ
അന്ന് സ്പീഡ് പോസ്റ്റുള്ളൂ

അത് വൈകുന്നേരം മൂന്ന് മണി വരെ മാത്രമേ യുള്ളൂ ,
മൂന്ന് മണിക്ക് മുൻപ് കോഴിക്കോടെത്തണം.

കൂടുതൽ ആലോചിക്കാൻ
സമയമില്ലാത്തതിനാൽ ഞാൻ ജയന്റെ വീട്ടിലേക്ക് ഓടി.

ജയൻ ഉച്ച ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുകയാണ്. ജീപ്പ്
റോഡിൽ നിർത്തിയിടുണ്ട്.

ഞാൻ കാര്യം പറഞ്ഞു
ഉടൻ തയ്യാറായി ജയൻ ജീപ്പിൽ കയറി.

ഞങ്ങൾ രാണ്ടാളും
ജീപ്പിന്റെ മുന്നിൽ
കയറി. ജയൻ ജീപ്പ് സ്റ്റാർട്ടാക്കി.

" ങ്ങള്  ഏട് യാ പോണെ?"

ഉമ്മ ചോദിക്കുന്നു ണായിരുന്നു.

വിശദീകരിക്കാ നേരമില്ലാത്തതിനാൽ
കോഴിക്കോട് എന്ന് വിളിച്ച് പറഞ്ഞ്
യാത്ര തുടങ്ങി.

സമയം രണ്ട് പതിനഞ്ച് കഴിഞ്ഞാരിക്കുന്നു

അൻപത് കിലോമീറ്ററിലധികം ഉണ്ട്.
മൂന്ന് മണിക്ക് മുൻപെ എ ത്തണം.

" കത്തിച്ച് വിട്ടോ "

ജയൻ മരണ
കിണറി ലെ
റൈഡറായി.

ജീപ്പിന്റെ ഹെഡ് ലൈറ്റ്
കത്തി

ജീപ്പ് കുതിച്ച് പാഞ്ഞു.

കയ്യിലെ കവർ മുറകെ
പിടിച്ച് ആടിയുലഞ്ഞ്
ഞങ്ങളും .

അത്യാസന്ന നിലയിൽ
വല്ല രോഗികളെയും
കൊണ്ടു പോകുന്നതായിരിക്കു
മുന്ന് കരുതി അങ്ങാടികളിൽ നിന്നും
ആളുകൾ
കണ്ണു ത്തും വരെ
ആകാംംക്ഷയോടെ ,
പേടിയോടെ
നോക്കുന്നു ണ്ടായിരുന്നു.

ആംബലൻസുകൾ
സുലഭമല്ലാത്ത
അക്കാലത്ത്
ലൈറ്റിട്ട് , ജീപ്പിലാണ്
രോഗികളെ കൊണ്ടു പോവുക.

നിലവിളി ശബ്ദത്തിന്
പകരം
ഹോൺ നിൽകാതെ മുഴങ്ങി.

ജീപ്പിന്റെ സ്പീഡ് മീറ്റർ
സൂചി
എഴുപതും എൺപത്തും തെണ്ണൂറും വരെ
തൊടുന്നുണ്ടായിരുന്നു.

വളവു തിരിവും കയറ്റവും അങ്ങാടികളും
കടന്ന്
മറ്റു വണ്ടികളെയും
മറികടന്ന്
മൂന്ന് മണിക്ക് തൊട്ട് മുൻപെജീപ്പുംമുന്നാളും ആ
പരീക്ഷാഅപേക്ഷയുംവിജയകരമായി
മാനഞ്ചിറഹെഡ്പോസ്റ്റ് ഓഫീസിന്മുന്നിൽ പോയി നിന്നു
ഷാന ചാടിയിറങ്ങി
കത്ത് പോസ്റ്റ ചെയ്തു.

വിക്ഷേപണ ദൗത്യങ്ങൾ കൊടുവിൽ
ISRO ശാസ്ത്രജ്ഞർക്ക്
പോലും ഇത്രക്ക്
ആത്മ സംതൃപ്തി അനുഭവപ്പെട്ടിട്ടുണ്ടാകില്ല.

ഈഇനത്തിൽജീപ്പുകൂലി നൽകാനായി ജയൻ ഇടക്കിട
വീട്ടിൽ വരാൻ തുടങ്ങി.

ഉടൻ തരാം എന്ന്
പറഞ്ഞ് ജയനെ
തൽകാലം പറഞ്ഞ് വിട്ടു.

തൽകാലം ഒഴിഞ്ഞ്
മാറാൻ ഷാന എന്നെ ഉപദേശിച്ചു.

ഞാൻ ദീർഘകാലം
ജയൻ കാണാതെ
ഒളിവിൽ കഴിയേണ്ടി
വന്നു.

ഇതിന്അനുബന്ധമായി ചില സംഭവങ്ങളും
പിന്നീട് നടന്നു.

സ്പീഡ് പോസ്റ്റിൽ
അയച്ചെങ്കിലും
അ പേക്ഷ സമയത്തിനവിടെ
ചെന്നിരുന്നില്ല.

അടുത്ത വർഷം
പൂർവ്വാധികം ശക്തിയോടെ എഴുതാമെന്നആത്മ
വിശ്വാസത്താലായിരുന്നു ഷാന.

പക്ഷെ പരീക്ഷാ സമയമാകുമ്പോൾ
ഈ വർഷം നാട്ടിൽ എങ്ങനെ നിൽകും? ഭോപ്പാലിലേക്ക്
പോകാ തിരുന്നാൽ
പ്രശ്നമാവും !

ചാത്തൻ മാഷെ മകൻ
പ്രജീഷും ,കൂടെള്ളതിനാൽഎല്ലാംഅമ്മായും
ഷാജിക്കയുംഗൾഫിലുള്ള  ഉപ്പയുംഅറിയും.

ഷാനക്ക് പിന്നെയും വന്നു ഐഡിയ.

പരീക്ഷക്കാണെന്നും പറഞ്ഞ് വീട്ടിൽ നിന്ന്
ഇറങ്ങി.

15 ദിവസത്തേക്കാണ് യാത്ര .അമ്മായി, അച്ചാർ മുതൽ
നെല്ല് കുത്തി അരി വരെ സാധനങ്ങളും
വസ്ത്രങ്ങളുംഎല്ലാം തയ്യാറാക്കിയാത്രക്കൂലി,ഹോസ്റ്റ്
മറ്റ് ഫീസ് കൾ,എല്ലാമായി

ഒരു നല്ല തുകയും
നൽകി.

മൂപ്പർ കോഴിക്കോട്ടെ ഒരു ലോഡ്ജിൽ  പതിഞ്ച് ദിവസത്തേ
ക്ക്ചുരുങ്ങിയചെലവിൽതാമസം ഉറപ്പിച്ചു.

ഷാ നയുടെ
ആദ്യത്തെ " കോറെന്റൻ കാലം "

സാമൂഹിക അകലം
കൃത്യമായി പാലിച്ചു
പരിചയക്കാർ ആരും
കാണാതെനോക്കണം.

ബോറടിച്ച  ഒരു ദിവസം കടപ്പുറത്ത്
പോയി ഇരിക്കുകയാണ് ഷാന.

മറ്റൊരു കസിൻ ,ആയ
നദീർ  അന്ന് കോഴിക്കോട് **JDT** യിൽ പഠിക്കുന്നുണ്ട്.

നദീർ കടപ്പുറത്ത് നിന്ന് കടല കൊറിച്ച്
ദിവാ സ്വപ്നം കാണുകയാണ്.

ദൂരെ ഒരു പരിചയ മുഖം
ഷാന

ഭോപ്പാലിൽ പോയ ഷാനയെങ്ങനെഇവിടെഎത്തും.
എങ്കിലും സംശയം തീർക്കാം

അടുത്ത് ചെന്ന്

"ഷാ നേക്കാ "
പെട്ടന്ന് തിരിഞ്ഞ് നോക്കിയ ഷാന പതറി.

എല്ലാം തീർന്നു. ഇപ്പം വീട്ടിൽ അറിയും . പ്രശ്നമാകും.

സമചിത്തത വീണ്ടെടുത്ത ആ പോരാളി

തന്റെ കയ്യിലുള്ള കൂളി ങ്ങ്ഗ്ലാസ് കണ്ണട കണ്ണിൽ വെച്ച് ചോദിച്ചു

**" Shana , I am not Shana , which Shana do you mean"**

മറുപടി  കേട്ട നദീർ തനിക്ക് ആള് മാറി പോയതാവുമെന്ന് കരുതി , തിരിച്ച് പോന്നു.

ഷാനേക്കാനെ പോലെ തന്നയുള്ള, ഒരു ഇംഗ്ലീഷുകാരനെ കണ്ടതിന്റെ ആശ്ചര്യം നദീർ എന്നോട് പങ്ക് വെച്ചു.

ഒരാളെ പോലെ ആറ് പോരുണ്ടാവുമെന്ന്
ഞാൻ അവനെ ഓർമ്മപെടുത്തി.

പിന്നീട് പലപ്പോഴും

ജീവിത വഴിയിൽ
ജ്യേഷ്ഠനും
സുഹൃത്തുമായി
ഷാനേക്കഎന്ന
ഷാനവാസ്
കൂടെ ഉണ്ടായിരുന്നു.

ചെലവഴിക്കുന്ന
സമയത്തിന്റെ
ദൈർഘ്യമല്ല

ലഭിക്കുന്ന
അനുഭവങ്ങളുടെ
തീഷ്ണതയും
ആനന്ദവുമാണ്

ബന്ധങ്ങളെ
വളർത്തുന്നത്.


SCHOOL RADIO
Vibezz of Varambetta
GHS VARAMBETTTA
June 19 onwards


GHS VARAMBETTA
ഒരു കുട്ടി ഒരു പുസ്തകം
VIII - B


ലഹരി വിരുദ്ധ ദിനം
signature wall
GHS VARAMBETTA


വാർഷിക പദ്ധതി 2024 -25
SPC യൂണിറ്റുകൾക്ക്
ബാന്റ്സെറ്റ് വിതരണം
2025 ജൂൺ 27


ബഷീർ അനുസ്മരണവും
GHS
വാരാമ്പറ്റ


വിത്തൂട്ട്


Govt. HS Varambetta
വിജയോത്സവം
16
PTA PRESIDENT
HEAD MASTER


ഗവ ഹൈസ്കൂൾ വാരാമ്പറ്റ
വാങ്മയം
1
2
Anna Alina
Ayisha Febin
Congratulations


സ്കൂൾ ശാസ്ത്രമേള
IT മേള
2025 ആഗസ്ത് 5


സ്കൂൾ ലീഡർ
ADNAN T


AUGUST 2
SPC DAY
PROGRAMMES
Flag hoisting, Video presentation, Quiz
Student Police Cadet
GHS VARAMBETTA


ജി എച്ച് എസ് വാരാമ്പറ്റ
Medical Camp &Awareness Class on Viral Hepatitis A
Health Club & JRC, GHS Varambetta




STOP WAR


സ്വാതന്ത്ര്യ ദിനാഘോഷം
അനുബന്ധ പരിപാടികൾ
ജി എച്ച് എസ് വാരാമ്പറ്റ


GHS VARAMBETTA
ഒരുമിച്ചോണം


കമ്പള നാട്ടി
SPC
SEED CLUB


കമ്പള നാട്ടി


Sub District Level
KPSTA
HS
KPSTA MANANTHAVADY
First
Second
Third






2K25


അഭിനന്ദനങ്ങൾ


വയനാട് ജില്ലാ ക്വിസ്
THIRD PRIZE
ANNA ALAINA S R
AMEYA RAMESH
Team GHS Varambetta


WAYANAD DISTRICT KHO KHO ASSOCIATION
Kho Kho Championship 2025
Senior Girls Winners
GHS VARAMBETTA
Congratulations...


2025
ഇത് ചരിത്രം!
ഓവറോൾ റണ്ണേഴ്സ്


വയനാട് ജില്ലാ


ശാസ്ത്രോത്സവം
Thread Pattern
Hameera


WAYANAD REVENUE DISTRICT
SPORTS MEET 2025
Congratulations
612
ABHINAV KS
GHS VARAMBETTA
STAFF & PTA


അഭിനന്ദനങ്ങൾ


അനന്യ ബാലൻ
അഭിനന്ദനം


ഗവ.ഹൈസ്കൂൾ വാരാമ്പറ്റ
പ്രി-പ്രൈമറി
പലഹാരമേള
17.10.2025
വെള്ളി
Welcome all, join the fun,
Tasty delights for everyone!


വയനാട് ജില്ലാ ശാസ്ത്രമേള
Garment Making
3rd Prize
A GRADE
AYISHA RINU
Congratulations...
GHS Varambetta




STUDENT POLICE CADET (SPC)
RASHTRIYA EKTA DIWAS
കൂട്ടയോട്ടം
FRIDAY 31 OCTOBER 2025
START AT 08:30 AM | VARAMBETTA
GHS VARAMBETTA


Waste To Craft
One day workshop
04
Lead by Soumya CK
GHS VARAMBETTA


അഭിനന്ദനങ്ങൾ


സ്കൂൾ കലോത്സവം
HS വിഭാഗം
ഒപ്പന
A
GRADE
Congratulations!
PTA & STAFF
G H S VARAMBETTA




ശിശുദിന പരിപാടികൾ
ശിശുദിന റാലി
ഫ്ലാഷ് മോബ്
കുട്ടികളുടെ വിവിധ കലാപരിപാടികൾ


Ghs varambetta
കുട്ടികളുടെ ഹരിതസഭ


കുഞ്ഞു പൊതി
wrapped with Love
Grandparents' meet-up





മാനന്തവാടി ഉപജില്ല
വിദ്യാരംഗം കലാസാഹിത്യ വേദി
സർഗോത്സവം
2025 ഡിസംബർ 5
ഗവ. ഹൈസ്കൂൾ വാരാമ്പറ്റ


Jingle 2k25
Christmas Celebration
GHS Varambetta



(SPC)
KL 171076
phloga 1.1

STUDENT POLICE CADET PROGRAMME
One School One Community Project
MY TREE MY DREAM
GHS VARAMBETTA




SELECTION FOR LITTLE KITE DISTRICT LEVEL CAMP
PROGRAMMING
SHAHABAS A
GHS VARAMBETTA
CONGRATS




കളിയാടാം കൂട്ടുകൂടാം
നാടകക്കളരി
JANUARY 12, 2026
10:00 AM
സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം (SSSS)




GHS VARAMBETTA
Fun with Numbers
CM Kids Scholarship(UP)
Maths Mastery Programme
Resource Person
MANSOOR MEPPAYYOOR
KTET TRAINER
2026
January
28
Wednesday
10 am
to 2 pm




GHS VARAMBETTA
SCHOOL SOCIAL SERVICE SCHEME
CYBER AWARENESS CLASS
2026
JAN:28
WEDNESDAY
3:00 PM
SCHOOL AUDITORIUM
LEAD BY:
ABDU SAMAD




ജി.എച്ച്.എസ് വാരാമ്പറ്റ
മോട്ടിവേഷൻ ക്ലാസ്
06 ഫെബ്രുവരി 2026
മുഫീദ തസ്നീം




PRIMARY
SPORTS MEET
Little Champs 2K26
11/02/2026
GHS VARAMBETTA




CM Kids Scholarship (UP)
Malayalam Grammar Expert Class
2026
ഫെബ്രുവരി 18
ബുധൻ
GHS VARAMBETTA




ബെട്ട
2K26
SSLC
02




107
സാവേരി '26

# സംഗ്രഹം

 വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികൾ സ്വയം തയ്യാറാക്കിയ ആകർഷകമായ ഒരു ഡിജിറ്റൽ മാഗസിനാണ് 'ലിപി'. കേവലം ഒരു മാസിക എന്നതിലുപരി, കുട്ടികളുടെ സർഗ്ഗാത്മകതയും സാങ്കേതിക നൈപുണ്യവും ഒത്തുചേരുന്ന ഒരു മികച്ച പ്ലാറ്റ്ഫോമാണിത്.
സ്വതന്ത്ര സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് കുട്ടികൾ തന്നെയാണ് ഇതിന്റെ ഡിസൈനിംഗും ലേഔട്ടും നിർവ്വഹിച്ചിരിക്കുന്നത്.
 കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
 കുട്ടികളിലെ ഐ.ടി അറിവ് വർദ്ധിപ്പിക്കാനും അവരുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും 'ലിപി' എന്ന ഈ മാഗസിൻ വലിയ പങ്ക് വഹിക്കുന്നു.